ThomasChazhikadanMPOfficial
thomas_chazhikadan_


**കോട്ടയം**
**പാർലമെന്റ് മണ്ഡലം**

**പിറവം**
**നിയമസഭാ**
**മണ്ഡലം**

# വികസന കുതിപ്പിന്റെ 5 വർഷങ്ങൾ

## തോമസ് ചാഴികാടൻ
എം.പി.





www.thomaschazhikadan.org

പ്രിയമുള്ളവരെ,

കഴിഞ്ഞ അഞ്ച് വർഷം കോട്ടയം പാർലമെന്റ് മണ്ഡലത്തിന്റെ ജനപ്രധിനിധിയെന്ന നിലയിൽ പാർലമെന്റിൽ നിങ്ങളെ പ്രധിനിധീകരിക്കുവാൻ നൽകിയ അവസരം ഞാൻ നന്ദിയോടെ സ്മരിക്കുന്നു. നിങ്ങൾ എന്നിൽ അർപ്പിച്ച വിശ്വാസം പൂർണ്ണമായി കാത്തു പരിപാലിക്കുവാൻ എനിക്കായി എന്ന വിശ്വാസത്തോടെയാണ് ഈ പ്രോഗ്രസ്സ് റിപ്പോർട്ട് ഞാൻ നിങ്ങളേവരുടെയും മുൻപിൽ സമർപ്പിക്കുന്നത്. നിങ്ങൾ ഏവരും നൽകിയ അചഞ്ചലമായ പിന്തുണയും, ആത്മബലവും ഒന്നുകൊണ്ട് മാത്രമാണ് എം.പി.ഫണ്ട് മുഖേനയുള്ള വികസന പ്രവർത്തനങ്ങളിൽ നൂറ് ശതമാനം തുകയും ചിലവാക്കുവാനും, എം.പി ഫണ്ട് വിനിയോഗത്തിൽ സംസ്ഥാനത്ത് ഒന്നാമതെത്തുന്നതിനും കഴിഞ്ഞതെന്ന പൂർണ്ണ ബോദ്ധ്യം എനിക്കുണ്ട്. ഈ കാലയളവിൽ നിങ്ങൾ നൽകിയ കലവറയില്ലാത്ത പിന്തുണയ്ക്കും സ്നേഹത്തിനും സഹകരണത്തിനും ഞാൻ എന്നും കടപ്പെട്ടിരിക്കുന്നു.

**റെയിൽ ഗതാഗത രംഗത്ത് വൻ കുതിപ്പ്**

റെയിൽ ഗതാഗത രംഗത്ത് മണ്ഡലത്തിന് ചരിത്ര വികസന നേട്ടങ്ങൾ കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ കൈവരിക്കാനായി. വിവിധ റെയിൽവേ പദ്ധതികൾക്കായി 925.796 കോടി രൂപ മണ്ഡലത്തിൽ ചിലവാക്കി. 2001 ൽ ആരംഭിച്ച പാത ഇരട്ടിപ്പിക്കൽ നിരന്തര ഇടപെടലുകളിലൂടെ 2022 ൽ പൂർത്തിയാക്കുവാൻ കഴിഞ്ഞതിൽ എന്റെ നിരന്തര പരിശ്രമങ്ങളുണ്ട്. കായംകുളം-കോട്ടയം-എറണാകുളം റെയിൽപാതയിൽ വേഗത 110 കിലോമീറ്റർ ആയി വർദ്ധിപ്പിക്കാനായി പദ്ധതികൾ തയ്യാറായി വരുകയാണ്. കേരളത്തിന് ആദ്യമായി ലഭിച്ച വന്ദേ ഭാരത് എക്സ്പ്രസ്സ്, വേളാങ്കണ്ണി എക്സ്പ്രസ്സ്, പുതിയ മെമു ട്രെയിനുകൾ എന്നിവ കോട്ടയം വഴി സർവീസ് ആരംഭിച്ചു. നിരന്തരമായ പരിശ്രമത്തിലൂടെ പാലരുവി എക്സ്പ്രെസ്സിന് ഏറ്റുമാനൂരിൽ സ്റ്റോപ്പ് അനുവദിപ്പിച്ചു.

കോട്ടയം റെയിൽവേ സ്റ്റേഷനിൽ നിലവിലുണ്ടായിരുന്ന മൂന്ന് പ്ലാറ്റ്ഫോമുകൾ ആറ് പ്ലാറ്റ്ഫോമുകളായി ഉയർത്തി. ശീതീകരിച്ച വിശ്രമ കേന്ദ്രം, എസ്കലേറ്ററുകൾ, ലിഫ്റ്റുകൾ, ബഹുനില ഇരുചക്ര പാർക്കിങ് സമുച്ചയം, അയ്യപ്പഭക്തർക്കുള്ള വിശ്രമകേന്ദ്രം അടക്കമുള്ള അനുബന്ധ സൗകര്യങ്ങൾ സജ്ജമാക്കുവാൻ കഴിഞ്ഞു. നാഗമ്പടം ഭാഗത്തുനിന്നുള്ള രണ്ടാം കവാടത്തിന് ബഹുനില മന്ദിരം, അനുബന്ധ പാർക്കിംഗ് ഏരിയ, ഗുഡ് ഷെഡ് ഓഫീസ് ഇവയുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.

ചിങ്ങവനം, ഏറ്റുമാനൂർ, കുറുപ്പുംതറ, സ്റ്റേഷനുകൾക്ക് പുതിയ സ്റ്റേഷൻ കെട്ടിടങ്ങൾ, പ്ലാറ്റ്ഫോമുകൾ, കാൽനട മേൽപ്പാലങ്ങൾ അടക്കം പുനർനിർമ്മാണം നടത്തുവാൻ കഴിഞ്ഞു. ഏറ്റുമാനൂർ റെയിൽവേ സ്റ്റേഷനിൽ അമൃത ഭാരത് പദ്ധതിയിൽ ഉൾപ്പെടുത്തി 4.49 കോടി രൂപയുടെ വലിയ വികസന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. മുളന്തുരുത്തി, കാരിത്താസ് റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം പുരോഗമിക്കുന്നു. കുരീക്കാട്, കടുത്തുരുത്തി, കുറുപ്പുംതറ, കോതനല്ലൂർ റെയിൽവേ മേൽപ്പാലങ്ങൾ നിർമ്മാണം ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി.

**ഗ്രാമീണ റോഡ് വികസനത്തിലും മുന്നിൽ**

പ്രധാൻമന്ത്രി ഗ്രാമ സഡക്ക് യോജന പദ്ധതിയിൽ (PMGSY) കോട്ടയം പാർലമെന്റ് മണ്ഡലത്തിന് അഭിമാനകരമായ നേട്ടം കൈവരിക്കുവാൻ കഴിഞ്ഞു. PMGSY പദ്ധതിയിൽ റോഡ് പുനരുദ്ധാരണത്തിനായി കേരളത്തിൽ അകെ അനുവദിച്ച 1425 കിലോമീറ്റർ റോഡിൽ, കോട്ടയം പാർലമെന്റ് മണ്ഡലത്തിൽ നിന്നും നിർദേശിച്ച 92.67 കിലോമീറ്റർ



റോഡുകൾ ഉൾപ്പെടുത്തുകയുണ്ടായി. ഇത് കേരളത്തിലെ പാർലമെന്റ് മണ്ഡലങ്ങളിൽ അനുവദിച്ച റോഡുകളുടെ ശരാശരി നീളമായ 71.25 കിലോമീറ്ററിന് ഏറെ കൂടുതലാണെന്ന് (30 ശതമാനത്തിന് മുകളിൽ) പറയേണ്ടതില്ലല്ലോ. ഈ പദ്ധതിക്കായി കേന്ദ്ര സംസ്ഥാന വിഹിതമായി മണ്ഡലത്തിന് ആകെ 75.61 കോടി രൂപ ലഭ്യമാക്കുവാൻ കഴിഞ്ഞു.

**എം.പി ഫണ്ട് വിനിയോഗം 100/100**

പാർലമെന്റ് അംഗങ്ങളുടെ പ്രാദേശിക വികസന ഫണ്ട് (എംപി ഫണ്ട്) നിരന്തര അവലോകന യോഗങ്ങളിലൂടെയും ഉദ്യോഗസ്ഥരുടെ സമ്പൂർണ്ണ സഹകരണംകൊണ്ടും മണ്ഡലത്തിലെ എല്ലാ പ്രദേശങ്ങൾക്കും, വിഭാഗങ്ങൾക്കുമായി പൂർണ്ണമായും ഫലപ്രദമായും വിനിയോഗിച്ചു. മണ്ഡലത്തിന് ആകെ അനുവദിച്ച 17.21 കോടി രൂപയുടെ പദ്ധതികളിൽ ഒന്നാം ഘട്ടം പൂർത്തിയാക്കുകയും, രണ്ടാം ഘട്ടം പൂർത്തീകരണത്തിൻറെ അന്തിമ ഘട്ടത്തിലുമാണ്.

**ഭിന്നശേഷി സൗഹൃദ മണ്ഡലം**

സാമൂഹിക നീതി വകുപ്പിന്റെ സ്റ്റാൻഡിങ് കമ്മിറ്റി അംഗം എന്ന നിലയിൽ മണ്ഡലം ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ആർട്ടിഫിഷ്യൽ ലിംബ്സ് മാനുഫാക്ച്ചറിങ് കോർപ്പറേഷൻ ഓഫ് ഇന്ത്യ, അലി യാവർ ജംഗ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി ഹിയറിങ് ഹാൻഡിക്യാപ്ഡ്, കേരള സംസ്ഥാന സാമൂഹിക നീതി വകുപ്പ് എന്നിവയുടെ സഹകരണത്തോടെ മണ്ഡലത്തിലെ മുഴുവൻ ഭിന്നശേഷിക്കാരെയും കണ്ടെത്തുന്നതിന് 12 ക്യാമ്പുകൾ സംഘടിപ്പിച്ചു. വകുപ്പിന്റെ വിവിധ പദ്ധതികളിലൂടെ മണ്ഡലത്തിലെ 1412 ഭിന്നശേഷിക്കാർക്കു സഹായ ഉപകരണങ്ങൾ സൗജന്യമായി ലഭ്യമാക്കി. ഒരു പൊതു പ്രവർത്തകൻ എന്ന നിലയിൽ എനിക്ക് ഏറ്റവും സംതൃപ്തി നൽകിയ ഒരു പദ്ധതിയാണിത്.

**മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ**

അമൃത് കുടിവെള്ള പദ്ധതി, ജൽ ജീവൻ മിഷൻ കുടിവെള്ള പദ്ധതി, നാഷണൽ ഹെൽത്ത് മിഷൻ (NHM) എന്നിവ ഉൾപ്പടെ മറ്റ് 24 കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ 2966.51 കോടി രൂപ കൂടി മണ്ഡലത്തിന് ലഭ്യമാക്കി. കേന്ദ്രാവിഷ്കൃത പദ്ധതികൾ അവലോകനം ചെയ്യുന്ന ജില്ലാ ഡെവലപ്മെന്റ് കോ-ഓർഡിനേഷൻ & മോണിറ്ററിംഗ് കമ്മറ്റിയുടെ (ദിശ) ചെയർമാൻ എന്ന നിലയിൽ കൃത്യമായ ഇടവേളകളിൽ യോഗങ്ങൾ വിളിച്ചു ചേർത്ത് വിവിധ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ് വിലയിരുത്തുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ടി (CRIF) ഉൾപ്പെടുത്തി റോഡ് വികസനത്തിന് 20 കോടി രൂപ ലഭ്യമാക്കി.

**ചികിത്സാ സഹായങ്ങൾ**

കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (CSR) ഫണ്ട്, PM CARES ഫണ്ട് എന്നിവയിൽ ഉൾപ്പെടുത്തി ആശുപത്രികൾ ഉൾപ്പടെ വിവിധ സ്ഥാപനങ്ങൾക്ക് 1.90 കോടി രൂപയുടെ ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കി. പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ (PMNRF) നിന്നും ചികിത്സാ സഹായത്തിന് 157 പേർക്ക് ശുപാർശ ചെയ്യുകയും 2.79 കോടി രൂപ ലഭ്യമാക്കുകയും ചെയ്തു. അതുപോലെതന്നെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ 18 പേർക്ക് ശുപാർശ ചെയ്യുകയും 19.60 ലക്ഷം രൂപയുടെ ചികിത്സാ സഹായം ലഭ്യമാക്കുകയും ചെയ്തു.

**പാർലമെന്റിലെ പ്രവർത്തനങ്ങൾ**

2019 മുതൽ പാർലമെന്റ് അംഗം. പാർലമെന്റ് സാമൂഹിക നീതി മന്ത്രാലയ സ്റ്റാൻഡിങ് കമ്മിറ്റി, റെയിൽവേ മന്ത്രാലയ കൺസൽട്ടേറ്റിവ് കമ്മിറ്റി, ഊർജ്ജ മന്ത്രാലയത്തിനായുള്ള പാർലമെന്ററി കമ്മിറ്റി എന്നിവകളിൽ അംഗം എന്ന നിലകളിലും പ്രവർത്തിച്ചു. ദേശീയ രാഷ്ട്രീയവും സംസ്ഥാന, മണ്ഡല വികസന വിഷയങ്ങളിലും, ചർച്ചകളിലും നിയമ നിർമ്മാണ നടപടികളിലും സജീവമായി പങ്കെടുക്കുവാൻ കഴിഞ്ഞു. വിശദാംശങ്ങൾ-സീറോ അവർ ശ്രദ്ധ ക്ഷണിക്കൽ: 14, റൂൾ 377 അനുസരിച്ചുള്ള സബ്മിഷൻ: 11, റൂൾ 193 അനുസരിച്ചുള്ള ചർച്ച: 9, സ്വകാര്യ അംഗങ്ങളുടെ ബില്ലുകൾ/ പ്രമേയങ്ങൾ: 7, രാഷ്ട്രപതിയുടെ പ്രസംഗത്തിനുള്ള നന്ദി പ്രമേയ ചർച്ച: 5, യൂണിയൻ ബഡ്ജറ്റിന്മേലുള്ള പൊതുചർച്ച: 5, യൂണിയൻ ബഡ്ജറ്റ് ഡിമാൻഡ് ഫോർ ഗ്രാൻഡ്: 2, സപ്ലിമെന്ററി ഡിമാൻഡ് ഫോർ ഗ്രാൻഡ്: 2, ബില്ലുകളുടെ ചർച്ച: 17, പാർലമെന്റിലെ ചോദ്യങ്ങൾ: 206.

**മറ്റ് വിഷയങ്ങൾ**

റബ്ബർ കർഷകരുടെ അടക്കം കാർഷിക വിഷയങ്ങൾ, മണിപ്പൂരിലെ ക്രൈസ്തവർക്കു നേരെയുള്ള ആക്രമണങ്ങൾ, പ്രവാസി ക്ഷേമം, കോട്ടയം പാസ്പോർട്ട് സേവാ കേന്ദ്രം, സിറ്റി ഗ്യാസ് പദ്ധതി, പരിസ്ഥിതിലോല മേഖല ബഫർ സോൺ, മുല്ലപ്പെരിയാർ, അടക്കമുള്ള വിഷയങ്ങളിൽ പാർലമെന്റിനകത്തും പുറത്തും ജന പ്രധിനിധി എന്ന നിലയിൽ ശക്തമായ ഇടപെടലുകൾ നടത്തി. തീരദേശ പരിപാലന നിയമം, SH മൗണ്ട് റോഡ് പുനരുദ്ധാരണം, ചേർപ്പുങ്കൽ സമാന്തര പാലം, ലക്ഷദ്വീപ് വിഷയം, കടുത്തുരുത്തി കേന്ദ്രീയ വിദ്യാലയം, കർഷക പ്രക്ഷോപം, കുറവിലങ്ങാട് സയൻസ് സിറ്റി എന്നീ വിഷയങ്ങളിലും ശക്തമായ ഇടപെടലുകൾ നടത്തി.

**എംഎൽഎ എന്ന നിലയിലെ പ്രവർത്തനങ്ങൾ**

1991, 1996, 2001, 2006 വർഷങ്ങളിൽ ഏറ്റുമാനൂർ എംഎൽഎ എന്ന നിലയിൽ കോട്ടയം ഡെന്റൽ കോളേജ് യാഥാർഥ്യമാക്കി. മെഡിക്കൽ കോളജിൽ കാർഡിയോ തൊറാസിക്-ഗൈനെക്കോളജി ബ്ലോക്കുകളുടെ നിർമ്മാണം, കോട്ടയം-ചാലുകുന്ന്-ചുങ്കം മെഡിക്കൽ കോളേജ് റോഡിന്റെ പുനരുദ്ധാരണവും വികസനവും, ചീപ്പുങ്കൽ പെണ്ണാർ തോട്

പാലം, കൈപ്പുഴമുട്ടു പാലം, അയ്മനം പുത്തൻതോട് പാലം, കുട്ടോമ്പുറം പാലം, നീണ്ടൂർ മൂത്തേടത്തുകരി പാലം എന്നിവ എല്ലാവരുടെയും സഹകരണത്തോടെ യാഥാർഥ്യമാക്കുവാൻ കഴിഞ്ഞു. മഞ്ചാടിക്കരി, കരിമഠം ഉൾപ്പടെ മണ്ഡലത്തിന്റെ പടിഞ്ഞാറൻ മേഖലകളിൽ വൈദ്യുതിയും കുടിവെള്ളവും അടക്കം അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കാനുള്ള ഫലപ്രദമായ ഇടപെടലുകൾ നടത്തുവാൻ സാധിച്ചു. ഈ കാലഘട്ടത്തിൽ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചതാണ് പിൽക്കാലത്ത് ഉദ്ഘാടനം ചെയ്യപ്പെട്ട പട്ടർമഠം കുടിവെള്ള പദ്ധതി. അക്കാലത്ത് ഭൂമി ഏറ്റെടുക്കൽ ഒട്ടൊക്കെ പൂർത്തിയാക്കിയ മണർകാട് പട്ടിത്താനം ബൈപ്പാസും പിന്നീട് യാഥാർത്ഥ്യമായി. ഇപ്പോൾ നിർമ്മാണം പൂർത്തിയായി വരുന്ന ചീപ്പുങ്കൽ മണിയാപറമ്പ് റോഡിനാവശ്യമായ ഭൂമി ഉടമകളിൽനിന്നും സറണ്ടർ ചെയ്തത് എംഎൽഎ ആയിരുന്ന കാലഘട്ടത്തിലാണ്.

**നാലായിരം കോടിയുടെ പദ്ധതികൾ**

കഴിഞ്ഞ നാലേമുക്കാൽ വർഷകാലയളവിനുള്ളിൽ കോട്ടയം പാർലമെന്റ് മണ്ഡലത്തിൽ ആകെ 4012.50 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുവാൻ കഴിഞ്ഞു. പൂർത്തീകരിച്ച പദ്ധതികളുണ്ട്, വിജയകരമായി നടപ്പിലാക്കി വരുന്ന പദ്ധതികളുണ്ട്, നിർമ്മാണാനുമതി ലഭിച്ച പദ്ധതികളുണ്ട്. എല്ലാം പൂർണ്ണമായി നടപ്പിലാക്കാനായി എന്ന് ഞാൻ അവകാശപ്പെടുന്നില്ല. ഇനിയും ഏറെ ചെയ്യുവാനുണ്ട് എന്ന ബോദ്ധ്യവും എനിക്കുണ്ട്. മണ്ഡലത്തിലെ എല്ലാ ഭാഗങ്ങളിലും, എല്ലാ വിഭാഗം ജനങ്ങൾക്കും പദ്ധതികൾ എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട് എന്ന് ആത്മാർഥമായി വിശ്വസിക്കുന്നു. വികസനത്തിലോ, എന്റെ പ്രവർത്തനങ്ങളിലോ ജാതി, മത, വിഭാഗീയ ചിന്തകൾ ഒരിക്കലും എന്നെ ബാധിച്ചിട്ടില്ല എന്ന് ഹൃദയത്തിൽ തൊട്ട് പറയുവാൻ എനിക്ക് കഴിയും. പൊതുപ്രവർത്തന രംഗത്തെ എന്റെ ഏറ്റവും വലിയ സൗഭാഗ്യമായി ഞാൻ അതിനെ കാണുന്നു. തുടർന്നും നിങ്ങൾ എല്ലാവരുടെയും പിന്തുണയും സ്നേഹവും സഹകരണവും വിശ്വാസവും ഉണ്ടാകണമെന്ന് വിനയപുരസ്സരം അഭ്യർത്ഥിക്കുന്നു.

എന്ന് നിങ്ങളുടെ സ്വന്തം,


**തോമസ് ചാഴികാടൻ**
**എം.പി., കോട്ടയം പാർലമെന്റ് മണ്ഡലം**

**+91 94471 60678** | thomaschazhikadan@gmail.com


07.02.2024

# വികസന പ്രവർത്തനങ്ങൾ

## ഉള്ളടക്കം


| | | Page no. |
|---|---|---|
| 1. | പ്രധാന പദ്ധതികൾക്ക് അനുവദിച്ച / ചിലവാക്കിയ തുക - സംഗ്രഹം | 5 |
| 2. | റെയിൽവേ വികസനം | 6 |
| 3. | ഭിന്നശേഷി സൗഹൃദ മണ്ഡലം | 12 |
| 4. | പാർലമെന്റ് അംഗങ്ങൾക്കായുള്ള പ്രാദേശിക വികസന ഫണ്ട് (MPLADS Fund) | 13 |
| 5. | പ്രധാൻ മന്ത്രി ഗ്രാമ സഡക്ക് യോജന പദ്ധതി (PMGSY) | 18 |
| 6. | പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി (PMNRF) - ചികിത്സാ സഹായം | 19 |
| 7. | മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധി (CMDRF) - ചികിത്സാ സഹായം | 19 |
| 8. | അമൃത് പദ്ധതി (കുടിവെള്ള പദ്ധതി) | 20 |
| 9. | ജൽ ജീവൻ മിഷൻ (കുടിവെള്ള പദ്ധതി) | 20 |
| 10. | നാഷണൽ ഹെൽത്ത് മിഷൻ (NHM) | 21 |
| 11. | മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ | 23 |
| 12. | കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (CSR) ഫണ്ട് | 24 |
| 13. | പ്രധാനമന്ത്രിയുടെ സിറ്റിസൺ അസിസ്റ്റൻസ് & എമർജൻസി സിറ്റുവേഷൻ ഫണ്ട് (PM CARES Fund) | 24 |
| 14. | സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (CRIF) | 24 |
| 15. | ഇതര വിഷയങ്ങൾ, ഇടപെടലുകൾ | 25 |
| 16. | പാർലമെന്റിലെ പ്രവർത്തനങ്ങൾ | 30 |


## 1. പ്രധാന പദ്ധതികൾക്ക് അനുവദിച്ച / ചിലവാക്കിയ തുക – സംഗ്രഹം

**(കോട്ടയം പാർലമെന്റ് മണ്ഡലം)**

| | | |
|---|---|---|
| 1. | റെയിൽവേ വികസനം | 925.796 കോടി |
| 2. | ഭിന്നശേഷി സൗഹൃദ മണ്ഡലം | 1.44 കോടി |
| 3. | പാർലമെൻറ് അംഗങ്ങൾക്കായുള്ള പ്രാദേശിക വികസന ഫണ്ട് (MPLADS Fund) | 17.22 കോടി |
| 4. | പ്രധാൻ മന്ത്രി ഗ്രാമ സഡക്ക് യോജന പദ്ധതി (PMGSY) | 75.61 കോടി |
| 5. | പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി (PMNRF)-ചികിത്സാ സഹായം | 2.79 കോടി |
| 6. | മുഖ്യ മന്ത്രിയുടെ ദുരിതാശ്വാസ നിധി (CMDRF) - ചികിത്സാ സഹായം | 0.19 കോടി |
| 7. | അമൃത് പദ്ധതി (കുടിവെള്ള പദ്ധതി) | 87.00 കോടി |
| 8. | ജൽ ജീവൻ മിഷൻ (കുടിവെള്ള പദ്ധതി) | 2607.87 കോടി |
| 9. | നാഷണൽ ഹെൽത്ത് മിഷൻ (NHM) | 31.77 കോടി |
| 10. | മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ | 240.92 കോടി |
| 11. | കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (CSR) ഫണ്ട് | 00.90 കോടി |
| 12. | പ്രധാനമന്ത്രിയുടെ സിറ്റിസൺ അസിസ്റ്റൻസ് &എമർജൻസി സിറ്റുവേഷൻ ഫണ്ട് (PM CARES Fund) | 1.00 കോടി |
| 13. | സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (CRIF) | 20.00 കോടി |
| **ആകെ തുക** | | **4012.50 കോടി** |



# 2. റെയിൽവേ വികസനം
## (കോട്ടയം പാർലമെന്റ് മണ്ഡലം)

റയിൽ ഗതാഗത രംഗത്ത് ചരിത്ര വികസനമാണ് കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ കോട്ടയം പാർലമെന്റ് മണ്ഡലത്തിൽ നടന്നത്. 2001 ആരംഭിച്ച പാത ഇരട്ടിപ്പിക്കൽ പതിറ്റാണ്ടുകളുടെ കാത്തിരിപ്പിനുശേഷം 2022 ൽ പൂർത്തിയായി, പൂർണ്ണമായും വൈദ്യുതീകരിച്ച ഇരട്ടപാത മണ്ഡലത്തിന് ലഭിച്ചു. 1956 ൽ നിർമ്മിച്ച കോട്ടയം റെയിൽവേ സ്റ്റേഷന്റെ പുനർ നിർമ്മാണം 2022 ൽ നടന്നു. വന്ദേഭാരത് എക്സ്പ്രസ്സ്, വേളാങ്കണ്ണി എക്സ്പ്രസ്സ്, മെമു സർവീസ് ഉൾപ്പടെ പുതിയ ട്രെയിനുകൾ ആരംഭിച്ചു. കോട്ടയം റെയിൽവേ സ്റ്റേഷന്റെ നിലവാരം ഉയർത്തൽ, പുതിയ ട്രെയിനുകൾ, നിലവിലുള്ള ട്രെയിനുകളുടെ സർവീസ് ദീർഘിപ്പിക്കൽ, ട്രെയിനുകളുടെ വേഗത വർദ്ധിപ്പിക്കൽ എന്നിവ ഉൾപ്പടെയുള്ള വിഷയങ്ങൾ പാർലമെൻറ്, റെയിൽവേ മന്ത്രാലയത്തിനായുള്ള ഉപദേശക സമതി, മറ്റു വേദികൾ എന്നിവടങ്ങളിൽ ശക്തമായി ഉന്നയിക്കുകയും വിവിധ ഘട്ടങ്ങളിൽ ആവശ്യമായ അവലോകനകളും ഇടപെടുകളും നടത്തുകയുണ്ടായി.

### 2.1. പാത ഇരട്ടിപ്പിക്കൽ & കോട്ടയം റെയിൽവേ സ്റ്റേഷൻ വികസനം

| | |
|---|---|
| പാത ഇരട്ടിപ്പിക്കൽ & കോട്ടയം റെയിൽവേ സ്റ്റേഷൻ റീ-മോഡലിംഗ് | Rs. 750.00 കോടി |
| രണ്ടാം പ്രവേശനകവാടം, പാർക്കിംഗ് ഏറിയ | Rs. 8.66 കോടി |
| പിൽഗ്രിം സെന്റർ | Rs. 2.62 കോടി |
| മൾട്ടി ലെവൽ ഇരുചക്ര വാഹന പാർക്കിംഗ് | Rs. 2.29 കോടി |
| സ്റ്റേഷൻ മോടിപിടിപ്പിക്കൽ | Rs. 6.74 കോടി |
| കാൽനട മേൽപ്പാലം (FOB), ലിഫ്റ്റ് | Rs. 4.77 കോടി |
| A/C വെയ്റ്റിംഗ് റൂം | Rs. 0.70 കോടി |
| **ആകെ തുക** | **Rs. 775.78 കോടി** |


പാത ഇരട്ടിപ്പിക്കൽ - കോട്ടയം യാർഡ്



പാത ഇരട്ടിപ്പിക്കൽ - CRS Inspection


പാത ഇരട്ടിപ്പിക്കൽ - Rubber Board ROB


പാത ഇരട്ടിപ്പിക്കൽ & കോട്ടയം റെയിൽവേ സ്റ്റേഷൻ റീ-മോഡലിംഗ്


പാത ഇരട്ടിപ്പിക്കൽ - Rubber Board ROB Opening


പാത ഇരട്ടിപ്പിക്കൽ - മാഞ്ഞൂർ ROB


കോട്ടയം - പിൽഗ്രിം സെന്റർ


കോട്ടയം - പിൽഗ്രിം സെന്റർ ഉദ്ഘാടനം




കോട്ടയം - സ്റ്റേഷൻ മോടിപിടിപ്പിക്കൽ


കോട്ടയം - ബഹുനില ഇരുചക്ര വാഹന പാർക്കിംഗ്


കോട്ടയം - രണ്ടാം പ്രവേശനകവാടം, പാർക്കിംഗ് ഏരിയ


കോട്ടയം - കാൽനട മേൽപ്പാലം (FOB) നിർമ്മാണത്തിൽ


കോട്ടയം - A.C വെയ്റ്റിംഗ് റൂം ഉദ്ഘാടനം



## 2.2. അമൃത് ഭാരത് സ്റ്റേഷൻ സ്കീം

| | |
|---|---|
| ഏറ്റുമാനൂർ റെയിൽവേ സ്റ്റേഷൻ-അമൃത് ഭാരത് സ്റ്റേഷൻ സ്കീം | Rs. 4.49 കോടി |



അമൃത് ഭാരത് സ്റ്റേഷൻ സ്കീം, ഏറ്റുമാനൂർ - പുരോഗതി വിലയിരുത്തൽ

## 2.3. സ്റ്റേഷനുകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ

ചോറ്റാനിക്കര, മുളന്തുരുത്തി, കാഞ്ഞിരമറ്റം, പിറവംറോഡ്, കടുത്തുരുത്തി, ഏറ്റുമാനൂർ, കുമരനെല്ലൂർ സ്റ്റേഷനകളുടെ പ്ലാറ്റഫോം ഉയർത്തൽ, ലിഫ്റ്റ്, സീറ്റ്, കുടിവെള്ള ടാപ്പ് തുടങ്ങിയ യാത്രക്കാരുടെ സൗകര്യം ഏർപ്പെടുത്തൽ **Rs. 14.676 കോടി**

## 2.4. റെയിൽവേ മേൽപ്പാലങ്ങൾ (ROBs)

### 2.4.1 നിർമ്മാണം നടന്നുകൊണ്ടിരിക്കുന്ന മേൽപ്പാലങ്ങൾ (ROBs)

| | |
|---|---|
| കാരിത്താസ് ROB | 13.55 കോടി |
| മുളന്തുരുത്തി ROB | 24.98 കോടി |
| **ആകെ തുക** | **38.54 കോടി** |



കാരിത്താസ് മേൽപാലം (ROB) നിർമാണത്തിൽ





മുളന്തുരുത്തി മേൽപാലം (ROB) നിർമാണത്തിൽ






### 2.4.2 അനുമതി ലഭിച്ച റെയിൽവേ മേൽപ്പാലങ്ങൾ (ROBs)

| | |
|---|---|
| കുരീക്കാട് ROB | 36.89 കോടി |
| കടുത്തുരുത്തി ROB | 19.33 കോടി |
| കുറുപ്പന്തറ ROB | 30.56 കോടി |
| കോതനെല്ലൂർ ROB –ഭൂമി ഏറ്റെടുക്കൽ നടപടികൾ | 5.00 കോടി |
| **ആകെ തുക** | **91.78 കോടി** |

## 2.5. പിറവം റോഡ് റെയിൽവേ സ്റ്റേഷനിലേക്കുള്ള റോഡിന്റെ ടാറിങ് 0.53 കോടി

## 2.6. റെയിൽവേ- മറ്റ് ഇടപെടലുകൾ

- ശബരി റെയിൽവേ പദ്ധതി പുനരാരംഭിക്കുന്നതിനായി പാർലമെന്റിൽ ഇടപെടൽ നടത്തി
- കോട്ടയം ഗുഡ്ഷെഡ് റോഡിൽ ഗതാഗതം തടയുവാനുള്ള റെയിൽവേ നീക്കത്തിനെതിരെ ശക്തമായ ഇടപെടലുകൾ
- ഏറ്റുമാനൂരിൽ പാലരുവി എക്സ്പ്രസ്സ് ട്രെയിന് സ്റ്റോപ്പ് അനുവദിപ്പിച്ചു.
- കുമാരനല്ലൂർ ചോറ്റാനിക്കര റോഡ് സ്റ്റേഷനുകളിൽ PLATFORM / ഫുട്ട് ഓവർ ബ്രിഡ്ജ് നിർമ്മിക്കുവാൻ ശക്തമായ ഇടപെടൽ.
- വന്ദേഭാരത് എക്സ്പ്രസ്സ് ട്രെയിൻ സർവീസ് ആരംഭിച്ചു.
- വേളാങ്കണ്ണിക്ക് പുതിയ എക്സ്പ്രസ്സ് ട്രെയിൻ സർവീസ് ആരംഭിച്ചു.
- കായംകുളം-കോട്ടയം-എറണാകുളം മെമു സർവീസ് ആരംഭിച്ചു.
- കോട്ടയം വഴി കൂടുതൽ ട്രെയിൻ സർവീസുകൾ ആരംഭിക്കുന്നതിനുള്ള ഇടപെടലുകൾ നടത്തി വരുന്നു.
- കോട്ടയം മദർ തെരേസ റോഡ് പുനരുദ്ധാരണത്തിനായി ഇടപെടലുകൾ.



**വിവിധ റെയിൽവേ പദ്ധതികൾക്ക് ചിലവാക്കിയതും, നിർമ്മാണത്തിലിരിക്കുന്ന പദ്ധതികൾക്ക് അനുവദിച്ചതുമായ തുക**

**Rs.925.796 കോടി**


കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവിന് നിവേദനം നൽകുന്നു


കളക്ട്രേറ്റിൽ നടന്ന റെയിൽവേ അവലോകന യോഗം


കേന്ദ്ര മന്ത്രി പിയൂഷ് ഗോയലിന് നിവേദനം നൽകുന്നു


സ്റ്റേഷൻ മോടി പിടിപ്പിക്കൽ അവലോകനം


കോട്ടയം വഴി പുതിയ ട്രെയിൻ സർവീസുകൾ ആരംഭിക്കുന്നതിനുള്ള
ഇടപെടലുകൾ - റെയിൽവേ ബോർഡ് ചെയർപേഴ്സന് നിവേദനം നൽകുന്നു


വന്ദേഭാരത് എക്സ്പ്രസ്സ് ട്രെയിൻ സർവീസ് ആരംഭിച്ചു


മെമു സർവീസ് ഉത്ഘാടനം








കോട്ടയം ഗുഡ്ഷെഡ് റോഡിൽ ഗതാഗതം തടയാനുള്ള റെയിൽവേ നീക്കത്തിനെതിരെ ഇടപെടലുകൾ



# 3. ഭിന്നശേഷി സൗഹൃദ മണ്ഡലം

സാമൂഹിക നീതി വകുപ്പിന്റെ പാർലമെന്ററി സ്റ്റാന്റിംഗ് കമ്മറ്റി അംഗം എന്ന നിലയിൽ കോട്ടയം പാർലമെന്റ് നിയോജക മണ്ഡലം സമ്പൂർണ ഭിന്നശേഷി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി നിയോജക മണ്ഡലത്തിലെ മുഴുവൻ ഭിന്നശേഷിക്കാരെയും കണ്ടെത്തുന്നതിന് ക്യാമ്പുകൾ സംഘടിപ്പിച്ചു.

കേന്ദ്ര ഗവൺമെന്റ് സ്ഥാപനങ്ങളായ ആർട്ടിഫിഷ്യൽ ലിംബ്സ് മാനുഫാക്ച്ചറിംഗ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (ALIMCO), അലി യാവർ ജംഗ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ദി ഹിയറിംഗ് ഹാൻഡിക്കാപ്ഡ്, കേരളാ സംസ്ഥാന സാമൂഹ്യ നീതി വകുപ്പ് എന്നിവയുടെ സഹകരണത്തോടുകൂടിയാണ് ക്യാമ്പുകൾ സംഘടിപ്പിച്ചത്.

കേന്ദ്ര സർക്കാരിൻറെ സാമൂഹിക നീതി വകുപ്പിൻറെ കീഴിലുള്ള ADIP സ്കീമിലൂടെ മണ്ഡലത്തിലെ മുഴുവൻ ഭിന്നശേഷിക്കാർക്കും ആവശ്യമായ സഹായ ഉപകരണങ്ങൾ സൗജന്യമായി ലഭ്യമാക്കി. കേന്ദ്ര സാമൂഹ്യ നീതി വകുപ്പ് മന്ത്രി ശ്രീ.എ.നാരായണ സ്വാമി കോട്ടയത്ത് നടന്ന ചടങ്ങിൽ ഉപകരണങ്ങൾ വിതരണം ചെയ്തു.

**1. ALIMCO / ADIP പദ്ധതി - ബ്ലോക്ക് തലത്തിൽ 12 ക്യാമ്പുകൾ - 1262 ഗുണഭോക്താക്കൾ**

തുക: Rs. 96 Lakhs

**2. നീർപാറ ബധിര വിദ്യാലയത്തിൽ നടന്ന 5 ദിവസക്യാമ്പ് By Aliyavar Jang National Institute for speech and hearing disabilities - 154 ഗുണഭോക്താക്കൾ(305 Hearing aid)**

തുക: Rs.48.06 Lakhs

**ആകെ 1416 ഗുണഭോക്താക്കൾക്ക്**
**1.44 കോടിയുടെ ഉപകരണങ്ങൾ**


















# 4. പാർലമെന്റ് അംഗങ്ങൾക്കായുള്ള പ്രാദേശിക വികസന ഫണ്ട് (MPLADS Fund)

മെഡിക്കൽ കോളജ് ഉൾപ്പെടെ സർക്കാർ ആശുപത്രികൾക്കുള്ള ഉപകരണങ്ങൾ, സർക്കാർ സ്കൂളുകൾക്ക് ബസുകൾ, അങ്കണവാടികൾ ക്ഷീരസംഘങ്ങൾ ലൈബ്രറികൾ എന്നിവക്ക് കെട്ടിടങ്ങൾ, ഹൈ മാസ്റ്റ് / ലോ മാസ്റ്റ് / മിനി മാസ്റ്റ് ലൈറ്റുകൾ, ഗ്രാമീണ റോഡുകൾ, കലുങ്കുകൾ, പാലങ്ങൾ, ഭിന്നശേഷിക്കാരായ കുട്ടികളുടെ സ്കൂളുകൾക്ക് പശ്ചാത്തല സൗകര്യം ഒരുക്കൽ, സർക്കാർ എയ്ഡഡ് സ്കൂളുകൾക്ക് കംപ്യൂട്ടറുകൾ പ്രിന്ററുകൾ, ആശുപത്രികൾക്ക് ആംബുലൻസുകൾ, കുടിവെള്ള പദ്ധതികൾ, ബസ് കാത്തിരിപ്പു കേന്ദ്രങ്ങൾ, പട്ടികജാതി / പട്ടികവർഗ കോളനികളുടെ വികസനം, വഴിവിളക്കുകൾ എന്നിവക്ക് തുക വിനിയോഗിച്ചു. മണ്ഡലത്തിന്റെ എല്ലാ ഭാഗത്തും, എല്ലാ വിഭാഗം ജനങ്ങൾക്കും ഫണ്ടിൻറെ വിഹിതം എത്തിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.




## പിറവം നിയമസഭാ മണ്ഡലം

| ക്രമ നമ്പർ | ബ്ലോക്ക് പഞ്ചായത്ത് | ഗ്രാമ പഞ്ചായത്ത്/ നഗരസഭ | വാർഡ് | പ്രവർത്തി | തുക | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | | തൃപ്പൂണിത്തുറ നഗരസഭ | 4 | തൃപ്പൂണിത്തുറ നഗരസഭ വടക്കേ ഇരുമ്പനം റെഡ്സ്റ്റാർ ക്ലബ്ബിനു മുൻപിൽ ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1,00,000 | ഭരണാനുമതി ഘട്ടത്തിൽ |
| 2 | | തൃപ്പൂണിത്തുറ നഗരസഭ | 12 | തൃപ്പൂണിത്തുറ മനയ്ക്കപ്പടി ജംഗ്ഷനിൽ ലോ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1,00,000 | ഭരണാനുമതി ഘട്ടത്തിൽ |
| 3 | | തൃപ്പൂണിത്തുറ നഗരസഭ | 12 | തൃപ്പൂണിത്തുറ നഗരസഭ മകളിയം ജംഗ്ഷനിൽ ലോ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1,00,000 | ഭരണാനുമതി ഘട്ടത്തിൽv |
| 4 | | തൃപ്പൂണിത്തുറ നഗരസഭ | 6 | തൃപ്പൂണിത്തുറ നഗരസഭ കർഷക കോളനിയിൽ ലോ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1,00,000 | ഭരണാനുമതി ഘട്ടത്തിൽ |
| 5 | | തൃപ്പൂണിത്തുറ നഗരസഭ | 6 | തൃപ്പൂണിത്തുറ നഗരസഭ തോട്ടുപുറം ജംഗ്ഷനിൽ വെട്ടിക്കാവ് അമ്പലത്തിന് സമീപം ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1,00,000 | ഭരണാനുമതി ഘട്ടത്തിൽ |
| 6 | | തൃപ്പൂണിത്തുറ നഗരസഭ | 13 | തൃപ്പൂണിത്തുറ നഗരസഭ തോട്ടുപുറം ജംഗ്ഷനിൽ വള്ളിക്കാവ് അമ്പലത്തിന് സമീപം ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1,00,000 | ഭരണാനുമതി ഘട്ടത്തിൽ |
| 7 | | തൃപ്പൂണിത്തുറ നഗരസഭ | 11 | തൃപ്പൂണിത്തുറ നഗരസഭ തോപ്പ് PHC Centre ൽ ലോമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1,00,000 | ഭരണാനുമതി ഘട്ടത്തിൽ |
| 8 | മുളംതുരുത്തി | ചോറ്റാനിക്കര | 4 | ചോറ്റാനിക്കര-വെണ്ണിക്കുളം MLA ലിങ്ക് റോഡിൽ ചോറ്റാനിക്കര ദേവിക്ഷേത്രം പാർക്കിംഗ് ഗ്രൗണ്ടിന് സമീപം മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1,75,000 | ടെൻഡറിംഗ് ഘട്ടത്തിൽ |

| | | | | | | |
|---|---|---|---|---|---|---|
| 9 | മുളംതുരുത്തി | ചോറ്റാനിക്കര | 4 | ചോറ്റാനിക്കര ഗ്രാമ പഞ്ചായത്ത് നിർദിഷ്ട Take a Break Park ന് സമീപം മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1,75,000 | ടെൻഡറിംഗ് ഘട്ടത്തിൽ |
| 10 | മുളംതുരുത്തി | ചോറ്റാനിക്കര | 9 | ചോറ്റാനിക്കര സഹൃദയ റോഡ് C.C Block പാകൽ | 6,00,000 | ടെൻഡറിംഗ് ഘട്ടത്തിൽ |
| 11 | മുളംതുരുത്തി | മുളംതുരുത്തി | 7 | ആരക്കുന്നം സെൻറ്. ജോർജ് സ്കൂൾ ജംഗ്ഷനിൽ ഹൈ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 3,75,000 | ടെൻഡറിംഗ് ഘട്ടത്തിൽ |
| 12 | മുളംതുരുത്തി | മണീട് | 5 | മണീട് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന് 1 MLD പ്രഷർ ഫിൽറ്റർ സ്ഥാപിക്കൽ | 11,64,328 | പൂർത്തിയായി |
| 14 | മുളംതുരുത്തി | മണീട് | 3 | മണീട് വെട്ടിത്തറ കുരുത്തോലത്തണ്ട് കോളനി കുടിവെള്ള പദ്ധതി | 31,00,000 | നിർമ്മാണ ഘട്ടത്തിൽ |
| 15 | പാമ്പാക്കുട | രാമമംഗലം | 6 | നെട്ടൂപ്പാടം ക്ഷീരോത്പാദക സഹകരണ സംഘം രാമമംഗലം -കെട്ടിട നിർമ്മാണം | 6,85,661 | പൂർത്തിയായി |
| 16 | പാമ്പാക്കുട | രാമമംഗലം | 10 | ചിന്താ ഗ്രന്ഥശാല (Reg.No.07 MPA 8009), ഉള്ളേലിക്കുന്ന്, കിഴുമുറി.PO, രാമമംഗലം-കെട്ടിട നിർമ്മാണം | 12,97,856 | പൂർത്തിയായി |
| 17 | പാമ്പാക്കുട | രാമമംഗലം | 7 | കിഴുമുറി, ഉള്ളേലിക്കുന്നു ചിന്ത ഗ്രന്ഥശാലക്ക് (Reg No 07 MPA 8009) കെട്ടിട നിർമ്മാണം | 12,67,856 | പൂർത്തിയായി |
| 18 | പാമ്പാക്കുട | രാമമംഗലം | 7 | രാമമംഗലം നെട്ടൂപ്പാടം ജംഗ്ഷനിൽ ഹൈ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 3,75,000 | പൂർത്തിയായി |
| 19 | പാമ്പാക്കുട | പാമ്പാക്കുട | 2 and 3 | പാമ്പാക്കുട ചെട്ടിക്കണ്ടം ജംഗ്ഷനിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1,67,420 | പൂർത്തിയായി |
| 20 | പാമ്പാക്കുട | പാമ്പാക്കുട | 13 | പാമ്പാക്കുട GHSS ന് സമീപം മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1,75,000 | സാങ്കേതികാ നുമതി ഘട്ടത്തിൽ |
| 21 | പാമ്പാക്കുട | പാമ്പാക്കുട | 1 to 13 | പാമ്പാക്കുട ഗ്രാമ പഞ്ചായത്തിലെ 1 മുതൽ 13 വരെയുള്ള വാർഡുകളിൽ സ്ട്രീറ്റ് മെയിൻ ലൈൻ, സ്ട്രീറ്റ് ലൈറ്റ് ഫിറ്റിംഗ് സ്ഥാപിക്കൽ | 15,70,000 | ഭരണാനുമതി ലഭിച്ചു |
| 22 | പാമ്പാക്കുട | പാമ്പാക്കുട | 2 | പാമ്പാക്കുട MTM സ്കൂൾ ജംഗ്ഷനിൽ ഹൈ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 3,75,000 | പൂർത്തിയായി |
| 23 | മുളംതുരുത്തി | ആമ്പല്ലൂർ | 12 | ആമ്പല്ലൂർ, കുളയാറ്റിക്കര, കീച്ചേരി കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് 62.5 KVA Generator നൽകൽ | 13,60,000 | ഭരണാനുമതി ഘട്ടത്തിൽ |

| | | | | | | |
|---|---|---|---|---|---|---|
| 24 | പാമ്പാക്കുട | ഇടക്കാട്ടുവയൽ | 10 | ഇടക്കാട്ടുവയൽ കടമന-തൃക്കേക്കരോട്ടു റോഡ് ടാറിങ് | 10,00,000 | നിർമ്മാണ ഘട്ടത്തിൽ |
| 25 | | പിറവം നഗരസഭ | വിവിധ വാർഡുകൾ | പിറവം നഗരസഭയിൽ വിവിധ ഭാഗങ്ങളിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ - 12 എണ്ണം (1) പഞ്ചായത്ത് കവല (വാർഡ് 9), (2) പോലീസ് സ്റ്റേഷൻ പടി (വാർഡ് 9), (3) നാമകുഴി ഹൈസ്കൂൾ ജംഗ്ഷൻ (വാർഡ് 16), (4) പഴയ പെട്രോൾപമ്പ് ജംഗ്ഷൻ (വാർഡ് 9), (5) ഐ ബി ജംഗ്ഷൻ (വാർഡ് 7), (6) കല്ലുമട കുരിശുപള്ളി ജംഗ്ഷൻ (വാർഡ് 18), (7) പാലച്ചുവട് കവല (വാർഡ് 17), (8) പാഴൂർ ആറ്റുതീരം റോഡ് ജംഗ്ഷൻ (വാർഡ് 25), (9) പള്ളിക്കാവ് അമ്പലം ജംഗ്ഷൻ (വാർഡ് 11), (10) പിറവം വലിയപള്ളി കൊച്ചുപള്ളി ജംഗ്ഷൻ (വാർഡ് 5), (11) കളമ്പൂകാവ് അമ്പലം ജംഗ്ഷൻ (വാർഡ് 22), (12) അന്തിക്കാട്ട് കവല, കളമ്പൂർ (വാർഡ് 20) | 18,00,000 | പൂർത്തിയായി |
| 26 | | പിറവം നഗരസഭ | 2 | പിറവം കക്കാട് ജംഗ്ഷൻ ബസ് ഷെൽട്ടർ നിർമ്മാണം | 3,13,951 | പൂർത്തിയായി |
| 27 | | പിറവം നഗരസഭ | 21 | കളമ്പൂർ ഗവൺമെൻറ് UP സ്കൂളിന് 2 ലാപ്ടോപ്പുകൾ നൽകൽ | 70,000 | ഭരണാനുമതി ലഭിച്ചു |
| 28 | | പിറവം നഗരസഭ | 4 | കക്കാട് ഗവൺമെൻറ് UP സ്കൂളിന് Laptop-1, Projector-1 എന്നിവ നൽകൽ | 73,000 | ഭരണാനുമതി ലഭിച്ചു |
| 29 | | പിറവം നഗരസഭ | 23 | ഇട്ടിയാർമല കോളനി റോഡ് നിർമ്മാണം | 16,50,000 | നിർമ്മാണ ഘട്ടത്തിൽ |
| 30 | | പിറവം നഗരസഭ | 13 | തേക്കുംമൂട്ടിൽപ്പടി - കുട്ടത്തിച്ചിറ റോഡിൻറെ സൈഡ് സംരക്ഷണ ഭിത്തി നിർമ്മാണവും കോൺക്രീറ്റ് ഇൻറർ ലോക്കിങ് ടൈലുകളുടെ പാകലും | 7,58,000 | പൂർത്തിയായി |
| 31 | | പിറവം നഗരസഭ | 13 | വൈക്കത്തുമല - കൈപ്പറമ്പ് റോഡിൽ കോൺക്രീറ്റ് ഇൻറർ ലോക്കിങ് ടൈൽ പാകൽ | 2,42,000 | പൂർത്തിയായി |
| 32 | പാമ്പാക്കുട | തിരുമാറാടി | 11 | അണ്ടിചിറ ടൗൺ ജംഗ്ഷനിൽ മിനി മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1,00,000 | ഭരണാനുമതി ഘട്ടത്തിൽ |
| 33 | പാമ്പാക്കുട | തിരുമാറാടി | 2 and 3 | തിരുമാറാടി സെൻറ് ജോർജ് യാക്കോബായ പള്ളി കുരിശടി ജംഗ്ഷനിൽ ലോ മാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ | 1,00,000 | ഭരണാനുമതി ഘട്ടത്തിൽ |

| | | | | | | |
|---|---|---|---|---|---|---|
| 34 | പാമ്പാക്കുട | തിരുമാറാടി | 9 | തിരുമാറാടി സെൻറ് മേരീസ് കത്തോലിക്ക പള്ളി & ഇൻഫൻറ് ജീസസ് കുരിശുപള്ളിക്ക് സമീപം കീഴ്ച്ചിറ പാലം ജംഗ്ഷനിൽ ലോമാസ്ററ് ലൈറ്റ് സ്ഥാപിക്കൽ | 1,00,000 | ഭരണാനുമതി ഘട്ടത്തിൽ |
| 35 | പാമ്പാക്കുട | തിരുമാറാടി | 8 and 9 | തിരുമാറാടി ഗവൺമെൻറ് ഹോസ്പിറ്റൽ / ഇടപ്രണവ് വെറ്റിനറി ഹോസ്പിറ്റൽ / ടാഗോർ ഓഡിറ്റോറിയം എന്നിവക്ക് സമീപം ലോമാസ്ററ് ലൈറ്റ് സ്ഥാപിക്കൽ | 1,00,000 | ഭരണാനുമതി ഘട്ടത്തിൽ |
| 36 | പാമ്പാക്കുട | തിരുമാറാടി | 3 | തിരുമാറാടി മണ്ണത്തൂർ അത്താണിക്കൽ ഗവൺമെൻറ് ഹൈസ്കൂളിന് മുൻപിൽ ലോ മാസ്ററ് ലൈറ്റ് സ്ഥാപിക്കൽ | 1,75,000 | ഭരണാനുമതി ഘട്ടത്തിൽ |
| 37 | പാമ്പാക്കുട | തിരുമാറാടി | 2 | തിരുമാറാടി നവോലിമറ്റം ജംഗ്ഷനിൽ ലോ മാസ്ററ് ലൈറ്റ് സ്ഥാപിക്കൽ | 1,00,000 | ഭരണാനുമതി ഘട്ടത്തിൽ |
| 38 | പാമ്പാക്കുട | ഇലഞ്ഞി | 2 | ഇലഞ്ഞി കുറമുട്ടം - വൻമേലിതാഴം കനാൽ റോഡ് കോൺക്രീറ്റിംഗ് | 6,00,000 | ഭരണാനുമതി ഘട്ടത്തിൽ |
| 39 | പാമ്പാക്കുട | ഇലഞ്ഞി | 5 | ഇലഞ്ഞി, മുത്തോലപുരം പോസ്റ്റ് ഓഫീസ് ജംഗ്ഷനിൽ ഹൈ മാസ്ററ് ലൈറ്റ് സ്ഥാപിക്കൽ | 3,75,000 | പൂർത്തിയായി |
| 40 | പാമ്പാക്കുട | ഇലഞ്ഞി | 6 | ഇലഞ്ഞി കേളംകുളം SC കൾച്ചറൽ സെന്റർ കെട്ടിട നിർമ്മാണം | 16,00,000 | കെട്ടിട നിർമ്മാണം പൂർത്തിയായി. ഇലട്രിക്കൽ ജോലികൾ ടെൻഡർ ഘട്ടത്തിൽ |
| 41 | | കൂത്താട്ടുകുളം നഗരസഭ | 2 | കൂത്താട്ടുകുളം ചെള്ളയ്ക്കപ്പടി ജംഗ്ഷനിൽ മിനി മാസ്ററ് ലൈറ്റ് സ്ഥാപിക്കൽ | 1,56,387 | പൂർത്തിയായി |
| 42 | | കൂത്താട്ടുകുളം നഗരസഭ | 22 | കൂത്താട്ടുകുളം, കിഴക്കൊമ്പ് ജംഗ്ഷനിൽ ലോ മാസ്ററ് ലൈറ്റ് സ്ഥാപിക്കൽ | 1,75,000 | ഭരണാനുമതി ലഭിച്ചു |
| 43 | | കൂത്താട്ടുകുളം നഗരസഭ | 24 | ഇടയാർ പള്ളിപ്പടി രാമഞ്ചിറ പാലത്തിന് സമീപം മിനി മാസ്ററ് ലൈറ്റ് സ്ഥാപിക്കൽ | 1,75,000 | ഭരണാനുമതി ഘട്ടത്തിൽ |
| 44 | | കൂത്താട്ടുകുളം നഗരസഭ | 23 | കൂത്താട്ടുകുളം ഇടയാർ കണിയാലിപ്പടി ജംഗ്ഷനിൽ ലോ മാസ്ററ് ലൈറ്റ് സ്ഥാപിക്കൽ | 1,00,000 | ഭരണാനുമതി ഘട്ടത്തിൽ |
| 45 | | കൂത്താട്ടുകുളം നഗരസഭ | 20 | കൂത്താട്ടുകുളം ആയുർവേദ ഹോസ്പിറ്റൽ ജംഗ്ഷനിൽ ലോമാസ്ററ് ലൈറ്റ് സ്ഥാപിക്കൽ | 1,00,000 | ഭരണാനുമതി ഘട്ടത്തിൽ |
| 46 | | കൂത്താട്ടുകുളം നഗരസഭ | 1 | കൂത്താട്ടുകുളം ഓലക്കാട് ഭാഗത്തു MPI ജംഗ്ഷനിൽ മിനി മാസ്ററ് ലൈറ്റ് സ്ഥാപിക്കൽ | 1,75,000 | ഭരണാനുമതി ഘട്ടത്തിൽ |
| 47 | | കൂത്താട്ടുകുളം നഗരസഭ | 23 | കൂത്താട്ടുകുളം-പിറവം റോഡ്, കണിയാലിപ്പടി - ബസ് ഷെൽട്ടർ അമിനിറ്റി റും നിർമ്മാണം | 10,00,000 | നിർമ്മാണ ഘട്ടത്തിൽ |
| 48 | | കൂത്താട്ടുകുളം നഗരസഭ | 12 | കൂത്താട്ടുകുളം-പതിലകത്തു റോഡ് നിർമ്മാണം | 10,00,000 | നിർമ്മാണ ഘട്ടത്തിൽ |
| **ആകെ തുക** | | | | | **2,56,01,459** | |


കൂത്താട്ടുകുളം നഗരസഭ: കണിയാലിപ്പടി - ബസ് ഷെൽട്ടർ അമിനിറ്റി റും


ഇലഞ്ഞി കേളംകുളം SC കൾച്ചറൽ സെന്റർ കെട്ടിട നിർമ്മാണം


പിറവം നഗരസഭ: തേക്കുംമൂട്ടിൽപ്പടി - കുട്ടത്തിച്ചിറ റോഡിന്റെ സൈഡ് സംരക്ഷണ ഭിത്തി നിർമ്മാണവും കോൺക്രീറ്റ് ഇന്റർ ലോക്കിങ് ടൈലുകളുടെ പാകലും





മണീട് വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റിന് 1 MLD പ്രഷർ ഫിൽറ്റർ സ്ഥാപിക്കൽ

## 5. പ്രധാനമന്ത്രി ഗ്രാമ സഡക്ക് യോജന പദ്ധതി (PMGSY)

കോട്ടയം പാർലമെൻറ് മണ്ഡലത്തിലെ വിവിധ ബ്ലോക്ക് പഞ്ചായത്തുകളുടെ കീഴിലുള്ള 20 റോഡുകൾ 92.67 കിലോമീറ്റർ നീളത്തിൽ പുനരുദ്ധാരണത്തിനായി പി.എം.ജി.എസ് വൈ പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര സംസ്ഥാന വിഹിതമായി മണ്ഡലത്തിന് ആകെ 75.61 ലക്ഷം രൂപ അനുവദിച്ചു. പിറവം നിയമസഭാ മണ്ഡലത്തിൽ നിർദേശിച്ച 5 റോഡുകൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തി. കേന്ദ്ര ഗ്രാമ വികസന മന്ത്രാലയവുമായി ബന്ധപ്പെട്ടു ചർച്ചകൾ നടത്തുകയും, ബ്ലോക്ക് തലത്തിൽ അവലോകന യോഗങ്ങൾ നടത്തിയും പദ്ധതി പുരോഗതി ഉറപ്പ് വരുത്തി വരുന്നു.

| ക്രമ നമ്പർ | ബ്ലോക്ക് പഞ്ചായത്ത് | ഗ്രാമ പഞ്ചായത്ത് | റോഡ് | നീളം (Km) | തുക (കോടി) | റിമാർക്സ് |
|---|---|---|---|---|---|---|
| 1 | പാമ്പാക്കുട | തിരുമാറാടി | ചെറ്റേപീടിക -തട്ടേക്കാട് -മണ്ണത്തൂർ റോഡ് | 3.000 | 2.72 | നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നു |
| 2 | പാമ്പാക്കുട | ഇലഞ്ഞി | കൊച്ചേരിത്താഴം-പള്ളത്തുകുഴി-ചീപ്പുംപടി-പെരുമ്പടവം-പള്ളിപ്പടി-വലയംബ്രായിൽ-മുത്തംകുന്ന് റോഡ് | 4.033 | 2.90 | |
| 3 | മുളംതുരുത്തി | മണീട്, മുളംതുരുത്തി | മേമുഖം-ആരക്കുന്നം-മണീട് റോഡ് | 4.946 | 3.68 | |
| 4 | മുളംതുരുത്തി | മണീട് | വെട്ടിക്കൽ-വെട്ടിത്തറ-മുടക്കോടിച്ചിറ- സെൻറ്. തോമസ് പള്ളി- മുടക്കികാവ് റോഡ് | 12.268 | 11.32 | ടെൻഡർ നടപടികൾ പുരോഗമിക്കുന്നു |
| 5 | പാമ്പാക്കുട | രാമമംഗലം, പാമ്പാക്കുട | ശിവലി -ഗാന്ധി നഗർ-സൂലം -തവളയടി -ആറ്റുവേലിക്കുഴി-വിലങ്ങുപാറ -മാങ്കുളം-ആൽപ്പാറ റോഡ് | 3.183 | 2.59 | |
| **ആകെ തുക** | | | | **27.430** | **23.218** | |



## 6. പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധി (PMNRF) ചികിത്സാ സഹായം

പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ സഹായത്തിനായി കോട്ടയം പാർലമെൻറ് മണ്ഡലത്തിൽ നിന്നും ശുപാർശ ചെയ്ത അപേക്ഷകളിൽ 157 വ്യക്തികൾക്ക് ആകെ 27881000 രൂപ അനുവദിച്ചു. പിറവം നിയമസഭാ മണ്ഡലത്തിലെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു.

| ക്രമ നമ്പർ | ബ്ലോക്ക് പഞ്ചായത്ത് | ഗ്രാമ പഞ്ചായത്ത്/ നഗരസഭ | PMNRF സഹായം ലഭിച്ച വ്യക്തികളുടെ എണ്ണം | ആകെ അനുവദിച്ച തുക |
|---|---|---|---|---|
| 1 | | തൃപ്പൂണിത്തുറ നഗരസഭ | 1 | 50,000.00 |
| 2 | മുളംതുരുത്തി | ചോറ്റാനിക്കര | 1 | 3,00,000.00 |
| 3 | മുളംതുരുത്തി | മുളംതുരുത്തി | 5 | 12,50,000.00 |
| 4 | മുളംതുരുത്തി | മണീട് | 2 | 5,00,000.00 |
| 5 | പാമ്പാക്കുട | രാമമംഗലം | 1 | 3,00,000.00 |
| 6 | മുളംതുരുത്തി | ആമ്പല്ലൂർ | 4 | 5,25,000.00 |
| 7 | | പിറവം നഗരസഭ | 6 | 15,00,000.00 |
| 8 | പാമ്പാക്കുട | ഇലഞ്ഞി | 6 | 8,12,500.00 |
| 9 | | കൂത്താട്ടുകുളം നഗരസഭ | 4 | 7,25,000.00 |
| **ആകെ തുക** | | | **30** | **59,62,500.00** |

## 7. മുഖ്യ മന്ത്രിയുടെ ചികിത്സാ സഹായം

കോട്ടയം പാർലമെൻറ് മണ്ഡലത്തിൽ ശുപാർശ ചെയ്ത അപേക്ഷകൾ : 18 അപേക്ഷകർ

അനുവദിച്ച തുക - **19,60,000**



# 8. അമൃത് പദ്ധതി (കുടിവെള്ള പദ്ധതി)

കോട്ടയം പാർലമെന്റ് മണ്ഡലത്തിലെ ഏഴ് നഗരസഭകളിലും ജലവിതരണത്തിനായി അടൽ മിഷൻ ഫോർ റെജുവനേഷൻ ആന്റ് അർബൻ ട്രാൻസ്ഫോർമേഷൻ (AMRUT) പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. കേരളാ വാട്ടർ അതോറിറ്റി മുഖാന്തരം നടപ്പിലാക്കുന്ന പാർലമെന്റ് മണ്ഡലത്തിലെ 9 പദ്ധതികൾക്ക് ആകെ 87 കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിരിക്കുന്നത്. കേന്ദ്ര, സംസ്ഥാന, നഗരസഭകൾ യഥാക്രമം 50: 30: 20 അനുപാതത്തിലാണ് പദ്ധതി തുക ചെലവിടുന്നത്.

| ക്രമ നമ്പർ | നഗരസഭ | പദ്ധതി | ഭരണാനുമതി നൽകിയ തുക (കോടിയിൽ) |
|---|---|---|---|
| 1 | തൃപ്പൂണിത്തുറ-തിരുവാങ്കുളം സോൺ | കരിങ്ങാച്ചിറ PH ൽ നിന്നും ട്രാക്കോ വരെ പമ്പിങ് മെയിൻ സ്ഥാപിച്ചു നിലവിലെ കുടിവെള്ള പദ്ധതിയുടെ വിപുലീകരണവും, ഗാർഹിക കുടിവെള്ള കണക്ഷൻ (FHTC) നൽകലും | 12.29 |
| 2 | പിറവം നഗരസഭ | പുതിയ പൈപ്പ് ലൈൻ സ്ഥാപിച്ചു ഗാർഹിക കുടിവെള്ള കണക്ഷൻ (FHTC) നൽകലും | 4.53 |
| 3 | കൂത്താട്ടുകുളം നഗരസഭ | നിലവിലെ കുടിവെള്ള പദ്ധതിയുടെ നവീകരണവും പൈപ്പ് ലൈൻ സ്ഥാപിച്ചു ഗാർഹിക കുടിവെള്ള കണക്ഷൻ (FHTC) നൽകലും | 5.30 |
| **ആകെ തുക** | | | **22.12** |

# 9. ജൽ ജീവൻ മിഷൻ (കുടിവെള്ള പദ്ധതി)

എല്ലാ ഗ്രാമീണ ഭവനങ്ങളിലും പൈപ്പ് വഴി ഒരാൾക്ക് 55 ലിറ്റർ വീതം കുടിവെള്ളം ലഭ്യമാക്കുന്നതിന് വിഭാവനം ചെയ്തിട്ടുള്ള ജൽ ജീവൻ മിഷൻ കുടിവെള്ള പദ്ധതി കോട്ടയം പാർലമെന്റ് മണ്ഡലത്തിലെ 45 ഗ്രാമ പഞ്ചായത്തുകളിൽ നടപ്പിലാക്കുന്നു. കേരളാ വാട്ടർ അതോറിറ്റി മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതികൾക്ക് ആകെ 2607.88 കോടി രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിരിക്കുന്നത്. കേന്ദ്ര, സംസ്ഥാന സർക്കാരുകൾ 50:50 അനുപാതത്തിലാണ് പദ്ധതി തുക ചെലവിടുന്നത്.

| ക്രമ നമ്പർ | നിയമസഭാ മണ്ഡലം | പദ്ധതി പ്രദേശം ഉൾപ്പെടുന്ന ഗ്രാമ പഞ്ചായത്ത് | ഭരണാനുമതി നൽകിയ തുക (കോടിയിൽ) |
|---|---|---|---|
| 1 | പിറവം | ചോറ്റാനിക്കര, പുത്തൻകുരിശ്, തിരുവാണിയൂർ, പൂത്രിക്ക, | 203.90 |
| 2 | പിറവം | ആമ്പല്ലൂർ, എടക്കാട്ടുവയൽ, മണീട്, മുളംതുരുത്തി | 118.46 |
| 3 | പിറവം | രാമമംഗലം, മാറാടി, പാമ്പാക്കുട | 118.43 |
| 4 | പിറവം | തിരുമാറാടി | 45.58 |
| 5 | പിറവം | തിരുമാറാടി | 45.58 |
| 6 | പിറവം | ഇലഞ്ഞി | 40.03 |
| 7 | പിറവം | ഇലഞ്ഞി | 40.03 |
| 8 | പിറവം | പാമ്പാക്കുട -Part.1 | 1.77 |
| 9 | പിറവം | പാമ്പാക്കുട -Part.2 | 1.77 |
| **ആകെ തുക** | | | **615.53** |



# 10. നാഷണൽ ഹെൽത്ത് മിഷൻ (NHM)

കോട്ടയം പാർലമെന്റ് മണ്ഡലത്തിൽ നാഷണൽ ഹെൽത്ത് മിഷൻറെ (NHM) കീഴിൽ 50 പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. പദ്ധതികൾക്ക് ആകെ 31.76 കോടി രൂപ ചിലവാക്കുന്നു. കേന്ദ്ര, സംസ്ഥാന സർക്കാരുകൾ 60:40 അനുപാതത്തിലാണ് പദ്ധതി തുക ചെലവിടുന്നത്.

| ക്രമ നമ്പർ | സ്ഥാപനം | പ്രവർത്തി | ഗ്രാമ പഞ്ചായത്ത്/ നഗരസഭ | തുക |
|---|---|---|---|---|
| 1 | പിറവം താലൂക്ക് ആശുപത്രി | Eye ward & Eye OP നിർമ്മാണം | പിറവം നഗരസഭ | 100 |
| 2 | പിറവം താലൂക്ക് ആശുപത്രി | OP Block ൻറെ പുതുക്കലും കൂട്ടിച്ചേർക്കലും | പിറവം നഗരസഭ | 235 |
| 3 | PHC ആരക്കുന്നം | PHC, FHC ആയി ഉയർത്തൽ | മുളംതുരുത്തി | 15,50,000 |
| 4 | PHC തിരുവാങ്കുളം | PHC, FHC ആയി ഉയർത്തൽ | തൃപ്പൂണിത്തുറ നഗരസഭ | 15,50,000 |
| 5 | PHC ചോറ്റാനിക്കര | PHC, FHC ആയി ഉയർത്തൽ | ചോറ്റാനിക്കര | 15,50,000 |
| 6 | PHC തോട്ടൂർ | PHC, FHC ആയി ഉയർത്തൽ | ഇടക്കാട്ടുവയൽ | 15,50,000 |
| 7 | PHC ഇലഞ്ഞി | PHC, FHC ആയി ഉയർത്തൽ | ഇലഞ്ഞി | 15,50,000 |
| 8 | PHC മണീട് | PHC, FHC ആയി ഉയർത്തൽ | മണീട് | 15,50,000 |
| 9 | SC നവോലിമറ്റം, FHC തിരുമാറാടി | Sub Center, Health & Wellness Center ആയി ഉയർത്തൽ | തിരുമാറാടി | 7,00,000 |
| 10 | SC ഇരുമ്പനം, FHC തിരുവാങ്കുളം | Sub Center, Health & Wellness Center ആയി ഉയർത്തൽ | തൃപ്പൂണിത്തുറ നഗരസഭ | 7,00,000 |
| 11 | SC പെരുമ്പടവം, FHC ഇലഞ്ഞി | Sub Center, Health & Wellness Center ആയി ഉയർത്തൽ | ഇലഞ്ഞി | 7,00,000 |
| 12 | FWC കാഞ്ഞിരമറ്റം, CHC കീച്ചേരി | Sub Center, Health & Wellness Center ആയി ഉയർത്തൽ | ആമ്പല്ലൂർ | 7,00,000 |
| 13 | FWC തിരുവാങ്കുളം, CHC തിരുവാങ്കുളം | Sub Center, Health & Wellness Center ആയി ഉയർത്തൽ | തൃപ്പൂണിത്തുറ നഗരസഭ | 7,00,000 |
| 14 | FWC കൈപ്പട്ടൂർ, PHC തോട്ടൂർ | Sub Center, Health & Wellness Center ആയി ഉയർത്തൽ | ഇടക്കാട്ടുവയൽ | 7,00,000 |
| 15 | FWC കുരീക്കാട് , PHC ചോറ്റാനിക്കര | Sub Center, Health & Wellness Center ആയി ഉയർത്തൽ | ചോറ്റാനിക്കര | 7,00,000 |
| 16 | FWC ഓണക്കൂർ , CHC പാമ്പാക്കുട | Sub Center, Health & Wellness Center ആയി ഉയർത്തൽ | പാമ്പാക്കുട | 7,00,000 |
| 17 | FWC മുത്തോലപുരം, CHC ഇലഞ്ഞി | Sub Center, Health & Wellness Center ആയി ഉയർത്തൽ | ഇലഞ്ഞി | 7,00,000 |
| 18 | FWC ഇടയാർ, CHC കൂത്താട്ടുകുളം | Sub Center, Health & Wellness Center ആയി ഉയർത്തൽ | തൃപ്പൂണിത്തുറ നഗരസഭ | 7,00,000 |
| 19 | FWC കാക്കൂർ, CHC തിരുമാറാടി | Sub Center, Health & Wellness Center ആയി ഉയർത്തൽ | തിരുമാറാടി | 7,00,000 |
| 20 | FWC ഊരമന, PHC രാമമംഗലം | Sub Center, Health & Wellness Center ആയി ഉയർത്തൽ | രാമമംഗലം | 7,00,000 |

| | | | | |
|---|---|---|---|---|
| 21 | FWC ഏഴിക്കരനാട്, CHC മണീട് | Sub Center, Health & Wellness Center ആയി ഉയർത്തൽ | മണീട് | 7,00,000 |
| 22 | FWC പെരുമ്പിള്ളി, CHC കീച്ചേരി | Sub Center, Health & Wellness Center ആയി ഉയർത്തൽ | ആമ്പല്ലൂർ | 7,00,000 |
| 23 | FWC ചോറ്റാനിക്കര Main centre, PHC ചോറ്റാനിക്കര | Sub Center, Health & Wellness Center ആയി ഉയർത്തൽ | ചോറ്റാനിക്കര | 7,00,000 |
| 24 | FWC വെളിയനാട്, PHC തോട്ടൂർ | Sub Center, Health & Wellness Center ആയി ഉയർത്തൽ | ഇടക്കാട്ടുവയൽ | 7,00,000 |
| 25 | FWC പുളിക്കമാലി, PHC ആരക്കുന്നം | Sub Center, Health & Wellness Center ആയി ഉയർത്തൽ | ഇടക്കാട്ടുവയൽ | 7,00,000 |
| 26 | FWC പാമ്പാക്കുട, CHC പാമ്പാക്കുട | Sub Center, Health & Wellness Center ആയി ഉയർത്തൽ | പാമ്പാക്കുട | 7,00,000 |
| 27 | FWC മംഗലത്തുതാഴം, CHC കൂത്താട്ടുകുളം | Sub Center, Health & Wellness Center ആയി ഉയർത്തൽ | കൂത്താട്ടുകുളം നഗരസഭ | 7,00,000 |
| 28 | FWC പൈതകുളം, CHC കൂത്താട്ടുകുളം | Sub Center, Health & Wellness Center ആയി ഉയർത്തൽ | കൂത്താട്ടുകുളം നഗരസഭ | 7,00,000 |
| 29 | FWC Main centre ഇലഞ്ഞി, PHC ഇലഞ്ഞി | Sub Center, Health & Wellness Center ആയി ഉയർത്തൽ | ഇലഞ്ഞി | 7,00,000 |
| 30 | FWC മാമലശ്ശേരി, PHC രാമമംഗലം | Sub Center, Health & Wellness Center ആയി ഉയർത്തൽ | രാമമംഗലം | 7,00,000 |
| 31 | FWC പാമ്പ്ര , CHC മണീട് | Sub Center, Health & Wellness Center ആയി ഉയർത്തൽ | മണീട് | 7,00,000 |
| 32 | FWC മണീട്, CHC മണീട് | Sub Center, Health & Wellness Center ആയി ഉയർത്തൽ | മണീട് | 7,00,000 |
| **ആകെ തുക** | | | | **2,61,00,335** |



# 11. മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതികൾ | തുക (കോടി) |
|---|---|---|
| 1 | മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി (MGNREGS) | 11.50 |
| 2 | ദേശീയ ഗ്രാമീണ ഉപജീവനമിഷൻ (NRLM) | 6.29 |
| 3 | ദേശീയ നഗര ഉപജീവന മിഷൻ (NULM) | 1.80 |
| 4 | ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമീണ കൗശല്യ യോജന (DDUGKY) | 0.25 |
| 5 | പ്രധാനമന്ത്രി ആവാസ് യോജന (അർബൻ) (PMAY-Urban) | 4.19 |
| 6 | പ്രധാൻമന്ത്രി ആവാസ് യോജന-ഗ്രാമീൺ (PMAY-Rural) | 2.56 |
| 7 | സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ&അർബൻ) | 2.46 |
| 8 | നാഷണൽ റർബൻ മിഷൻ | 138.00 |
| 9 | പ്രധാനമന്ത്രി മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ് സ്കീം | 0.17 |
| 10 | കാർഷിക യന്ത്രവൽക്കരണത്തിനുള്ള സബ് മിഷൻ-SMAM | 2.20 |
| 11 | പ്രധാൻ മന്ത്രി ഫസൽ ഭീമാ യോജന (PMFBY) - രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY) | 6.94 |
| 12 | സംയോജിത ഹോർട്ടികൾച്ചർ ഡെവലപ്മെന്റ് മിഷൻ | 0.79 |
| 13 | പാരമ്പരാഗത് കൃഷി വികാസ് യോജന | 0.03 |
| 14 | ദേശീയ ബയോഗ്യാസ് ആൻഡ് വളം മാനേജ്മെന്റ് പ്രോഗ്രാം (NBMMP) | 0.04 |
| 15 | ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സ്കീം (ICDS) | 11.91 |
| 16 | പ്രധാനമന്ത്രി മാതൃ വന്ദന യോജന-PMMVY (ICDS) | 0.24 |
| 17 | സപ്ലിമെന്ററി ന്യൂട്രിഷൻ പ്രോഗ്രാം (ICDS) | 27.95 |
| 18 | പ്രധാന മന്ത്രിയുടെ എംപ്ലോയ്മെന്റ് ജനറേഷൻ പ്രോഗ്രാം (PMEGP) | 5.78 |
| 19 | സൻസദ് ആദർശ് ഗ്രാമ യോജന -II | 1.05 |
| 20 | ആദിവാസി ഉപപദ്ധതിക്കുള്ളപ്രത്യേക കേന്ദ്രസഹായം SCA-TSP | 0.27 |
| 21 | നാഷണൽ ലൈവ്സ്റ്റോക്ക് മിഷൻ (NLM) | 0.06 |
| 22 | മിഡ് -ഡേ മീൽ സ്കീം | 16.44 |
| **ആകെ തുക** | | **240.92** |

## 12. കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് (CSR Fund) (കോട്ടയം പാർലമെന്റ് മണ്ഡലം)



| ക്രമ നമ്പർ | പ്രൊജക്റ്റ് | കമ്പനി | തുക |
|---|---|---|---|
| 1 | കോട്ടയം മെഡിക്കൽ കോളേജ് - വെരിക്കോസ് വെയിൻ സർജറി യൂണിറ്റ് | സെൻട്രൽ വെയർഹൗസിംഗ് കോർപ്പറേഷൻ (CWC) | 20,00,000 |
| 2 | കോട്ടയം മെഡിക്കൽ കോളേജ് - Five Ventilator units consists of five ventilators (Neonatal and Adult) and five each Adult and Neonatal humidifiers in Critical Care unit. | ഭാരത് പെട്രോളിയം കോർപ്പറേഷൻ (BPCL) | 68,45,417 |
| 3 | സെന്റ്. ജോസഫ് ഹൈസ്കൂൾ, പുന്നത്തുറ- Computers | ഫെഡറൽ ബാങ്ക് | 1,00,000 |
| 4 | മണലുങ്കൽ സ്കൂൾ - Computers | ഫെഡറൽ ബാങ്ക് | 1,00,000 |
| ആകെ തുക | | | 90,45,417 |

## 13. പ്രധാനമന്ത്രിയുടെ സിറ്റിസൺ അസിസ്റ്റൻസ് & എമർജൻസി സിറ്റുവേഷൻ ഫണ്ട് (PM CARES Fund)

(PM's Citizen Assistance & Relief in Emergency Situations Fund (PM CARES Fund)

| ക്രമ നമ്പർ | പ്രൊജക്റ്റ് | തുക |
|---|---|---|
| 1 | പാലാ ജനറൽ ആശുപത്രി - ഓക്സിജൻ പ്ലാന്റ് | 1 കോടി |





പാലാ ജനറൽ ആശുപത്രി - ഓക്സിജൻ പ്ലാന്റ്

## 14. സെൻട്രൽ റോഡ് ഇൻഫ്രാസ്ട്രക്ചർ ഫണ്ട് (CRIF)

| ക്രമ നമ്പർ | പഞ്ചായത്ത് / റോഡ് | ദൂരം | തുക |
|---|---|---|---|
| 1 | ആമ്പല്ലൂർ, ഇടക്കാട്ടുവയൽ ഗ്രാമ പഞ്ചായത്തുകൾ<br>ആരക്കുന്നം-ഒലിപ്പുറം-തൃപ്പക്കുടം-പേപ്പതി-വട്ടപ്പാറ റോഡ് | 14.10 Km | 20 കോടി |



# 15. ഇതര വിഷയങ്ങൾ, ഇടപെടലുകൾ

### 15.1 മണിപ്പൂർ വിഷയം

അക്രമം നടന്ന പ്രദേശങ്ങൾ നേരിട്ട് സന്ദർശിക്കുകയും ഇംഫാല് ആര്ച്ച് ബിഷപ്പ് ഡോ.ഡൊമിനിക്ലുമോണുമായി കൂടിക്കാഴ്ച നടത്തി. കലാപബാധിതര്ക്ക് നഷ്ടപരിഹാരവും പുനരധിവാസം അടിയന്തിരമായി ഉറപ്പാക്കണമെന്നും, ആരാധനാലയങ്ങള് പുനര്നിര്മ്മിക്കുന്നതിനായി പ്രത്യേക പാക്കേജും പ്രഖ്യാപിക്കണമെന്നും പാർലമെന്റിൽ ആവശ്യപ്പെട്ടു. കലാപത്തെക്കുറിച്ച് സംയുക്ത പാര്ലമെന്റ് സമിതി അന്വേഷിക്കണമെന്ന് പ്രധാനമന്ത്രിയോട് ആവശ്യപ്പെട്ടു.

### 15.2 റബർ വിഷയം

റബ്ബർ ഇറക്കുമതി ചുങ്കം, റീപ്ലാന്റേറൻ സബ്സിഡി, റബ്ബർ ബോർഡിൻറെ പ്രവർത്തനങ്ങൾ, റബര് ആക്റ്റ്, റബറിന് മിനിമം താങ്ങു വില 250 രൂപയായി ഉയർത്തൽ എന്നീ വിഷയങ്ങൾ പാർലമെന്റിൽ റൂൾ 377 പ്രകാരം സബ്മിഷനിലൂടെയും അവതരിപ്പിക്കുകയും, നിവേദനങ്ങൾ നൽകുകയും ചെയ്തു. കേന്ദ്ര സർക്കാരിന്റെ കർഷക ദ്രോഹ നടപടികൾ അവസാനിപ്പിക്കുക, റബ്ബർ കൃഷിക്ക് പ്രത്യേഗ പാക്കേജ് അനുവദിക്കുക, റബ്ബർ ആവർത്തനകൃഷി സബ്സിഡി പുനസ്ഥാപിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉയർത്തി കോട്ടയം റബ്ബർ ബോർഡ് ആസ്ഥാനത്തിന് മുന്നിൽ പ്രക്ഷോപം സംഘടിപ്പിച്ചു.

### 15.3 പരിസ്ഥിതി ലോല മേഖല

ജനവാസകേന്ദ്രങ്ങളെയും കൃഷിയിടങ്ങളെയും പൂര്ണമായി പരിസ്ഥിതി ലോല മേഖലയില് നിന്ന് ഒഴിവാക്കുന്നതിനും ശാശ്വത പരിഹാരത്തിനായി നിയമ നിര്മാണം നടത്തുന്നതിനും കേന്ദ്ര, സംസ്ഥാന സർക്കാരുകളിൽ സമ്മര്ദം ചെലുത്തി

### 15.4 തീരദേശ പരിപാലന നിയമം

നിയമവുമായി (CRZ) ബന്ധപ്പെട്ട് പ്രസിദ്ധീകരിച്ച കരട് തീരദേശ പരിപാലന പ്ലാൻ-2023 ൻറെ പബ്ലിക് ഹിയറിംഗിൽ കോട്ടയം ജില്ലയുമായി ബന്ധപ്പെട്ട പൊതു വിഷയങ്ങൾ അവതരിപ്പിക്കുകയും, വിജ്ഞാപനം ചെയ്ത നോട്ടിഫിക്കേഷനിൽ നിയമാനുസൃതം ജില്ലക്ക് ലഭിക്കേണ്ട ഇളവുകൾ നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് വിശദമായ നിവേദനം നൽകുകയും ചെയ്തു.

### 15.5 കൊറോണ വൈറസ് വ്യാപനം & പ്രവാസി ക്ഷേമം

കോട്ടയം പാർലമെന്റ് മണ്ഡലത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നും ലോകത്തിന്റെ പല ഭാഗങ്ങളിലായിരുന്ന പ്രവാസികളുമായി അവരുടെ പ്രശ്നങ്ങൾ മനസിലാക്കുന്നതിനും പരിഹാര മാർഗ്ഗങ്ങൾ കാണുന്നതിനുമായി വീഡിയോ കോൺഫ്രൻസിലൂടെ സംസാരിക്കുന്നതിന് അവസരം ഒരുക്കി.

### 15.6 പാസ്പോർട്ട് സേവാ കേന്ദ്രം

കോട്ടയത്ത് പ്രവര്ത്തിച്ചുകൊണ്ടിരുന്ന കെട്ടിടത്തിന്റെ ബലക്ഷയം ചൂണ്ടിക്കാട്ടി പ്രവര്ത്തനം നിര്ത്തിവച്ച പാസ്പോർട്ട് സേവാ കേന്ദ്രം അടിയന്തരമായി നഗരത്തില് തന്നെ പുനരാരംഭിക്കാന് കേന്ദ്ര വിദേശകാര്യ മന്ത്രി ഡോ. എസ്. ജയശങ്കര്, വിദേശകാര്യ സഹമന്ത്രി ശ്രീ.വി.മുരളീധരന്, പാസ്പോര്ട്ട് സേവാ കേന്ദ്രത്തിന്റെ ചുമതലയുള്ള സെക്രട്ടറി, ചീഫ് പാസ്പോര്ട്ട് ഓഫീസര് ഓഫ് ഇന്ത്യ ശ്രീ.ടി.ആംസ്ട്രോങ് ചാങ്സാനെ എന്നിവരെ നേരിട്ട് സന്ദര്ശിച്ച് നിവേദനം നൽകുകയും അതിന്റെ അടിസ്ഥാനത്തിൽ കോട്ടയത്ത് പുതിയ കെട്ടിടത്തിൽ ആധുനിക സൗകര്യങ്ങളോടെ ഓഫീസിൻറെ പ്രവർത്തനം വീണ്ടും ആരംഭിക്കുവാൻ കഴിഞ്ഞു,

### 15.7 മുല്ലപ്പെരിയാർ വിഷയം

മുല്ലപ്പെരിയാർ ഡാമിൻറെ ഷട്ടറുകൾ രാത്രികാലങ്ങളിൽ മുന്നറിയിപ്പില്ലാതെ തുറക്കുന്ന തമിഴ്നാട് സർക്കാരിൻറെ നടപടികൾക്കെതിരെ പാര്ലമെന്റ് കവാടത്തിൽ ധർണ്ണ നടത്തി.

## 15.8 സിറ്റി ഗ്യാസ് പദ്ധതി

പെട്രോളിയം ആൻഡ് നാച്ചുറൽ ഗ്യാസ് റഗുലേറ്ററി ബോർഡിന്റെ സിറ്റി ഗ്യാസ് പദ്ധതിയിൽ കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകൾ ഉൾപ്പെടുന്നതിന് പരിശ്രമങ്ങൾ നടത്തുകയും പ്രസ്തുത പദ്ധതിയിൽ കോട്ടയത്തെ ഉൾപ്പെടുത്തുകയും ചെയ്തു.

## 15.9 SH മൗണ്ട് റോഡ്

ശക്തമായ ഇടപെടലുകൾ നടത്തി SH മൗണ്ട് റോഡ് ആധുനിക നിലവാരത്തിൽ ടാർ ചെയ്യുന്നതിന് സംസ്ഥാന സർക്കാരിൽ നിന്നും 2 കോടി രൂപ അനുവദിപ്പിച്ചു. നിർമ്മാണ പ്രവർത്തികൾ നടന്നു വരുന്നു.

## 15.10 ചേർപ്പുങ്കൽ സമാന്തര പാലം

ചേർപ്പുങ്കൽ-കൊഴുവനാൽ PWD റോഡിൽ മീനച്ചിലാറിന് കുറുകെ പുതിയ സമാന്തര പാലത്തിൻറെ നിർമ്മാണ പ്രവർത്തികൾ പൂർത്തിയാക്കുന്നതിന് സജീവ ഇടപെടലുകൾ നടത്തി. ധനകാര്യ മന്ത്രി, പൊതുമരാമത്തു മന്ത്രി എന്നിവരെ നേരിൽ കണ്ട് വിഷയം ശ്രദ്ധയിൽപ്പെടുത്തി. പ്രസ്തുത പാലത്തിൻറെ നിർമ്മാണം പൂർത്തിയായി വരുന്നു.

## 15.11 ലക്ഷദീപ് വിഷയം

ലക്ഷദ്വീപ് ജനതയുടെ അവകാശങ്ങൾ ഇല്ലാതാക്കുന്ന കേന്ദ്ര സർക്കാർ നിലപാടിനെതിരെ രാജ്ഭവൻ, ലക്ഷദീപ് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ കാര്യാലയം എന്നിവിടങ്ങളിൽ നടന്ന പ്രതിഷേധ സമരങ്ങളിൽ പങ്കെടുത്തു. തങ്ങളുടെ സ്വാതന്ത്ര്യത്തെയും, വിശ്വാസത്തെയും, അവകാശങ്ങളേയും സംരക്ഷിക്കുവാൻ പോരാടുന്ന ലക്ഷദ്വീപ് ജനതതക്ക് പിന്തുണ നൽകി.

## 15.12 കടുത്തുരുത്തി കേന്ദ്രീയ വിദ്യാലയം

കേന്ദ്രീയ വിദ്യാലയ അതോറിറ്റിയിൽ നിന്നും 30.20 കോടി രൂപ കടുത്തുരുത്തി കേന്ദ്രീയ വിദ്യാലയത്തിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് അനുവദിക്കുകയും, സംസ്ഥാന സർക്കാർ കേന്ദ്രീയ വിദ്യാലയത്തിനായി 8 ഏക്കർ ഭൂമി അനുവദിക്കുകയും ചെയ്തു. പ്രസ്തുത സ്ഥലം മണ്ണിട്ടു നിരപ്പാക്കി നിർമ്മാണ പ്രവർത്തനങ്ങൾക്ക് അനുയോജ്യമാക്കി നിർമ്മാണം ആരംഭിക്കുന്നതിനായി ആവശ്യമായ ഇടപെടലുകൾ നടത്തിവരുന്നു.

## 15.13 കർഷക പ്രക്ഷോപം

ഇന്ത്യൻ പാർലമെന്റ് പാസാക്കിയ മൂന്ന് കാർഷിക നിയമങ്ങൾക്കെതിരെ ദേശീയ തലത്തിൽ നടന്ന കർഷക പ്രതിഷേധത്തിന് പിന്തുണ പ്രഖാപിച്ചു ഡൽഹിയിൽ നടന്ന പ്രധിഷേധ പരിപാടിയിൽ പങ്കെടുത്തു.

## 15.14 കുറവിലങ്ങാട് സയൻസ് സിറ്റി

നിർമ്മാണത്തിലിരിക്കുന്ന കുറവിലങ്ങാട് സയൻസ് സിറ്റി പൂർത്തികരിച്ചു നാടിന് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. ഇതിനായി ആവശ്യമായ ഇടപെടലുകൾ നടത്തിവരുന്നു.

## 15.15 ഏറ്റുമാനൂർ ഗവ. മോഡൽ റെസിഡൻഷ്യൽ സ്കൂൾ

എം.എൽ.എ ആയിരുന്നപ്പോൾ സ്ഥലം കണ്ടെത്തുകയും നിർമ്മാണം നടത്തുകയും ചെയ്ത പട്ടിക ജാതി പട്ടിക വർഗ വിഭാഗത്തിലെ കുട്ടികൾ പഠിക്കുന്ന ഏറ്റുമാനൂർ ഗവ. മോഡൽ റെസിഡൻഷ്യൽ സ്കൂളിന് പാർലമെൻറ് അങ്ങങ്ങൾക്കായുള്ള പ്രാദേശിക വികസന ഫണ്ടിൽ നിന്നും (MPLADS Fund) 15.37 ലക്ഷം രൂപ അനുവദിച്ചു സ്കൂൾ വാൻ വാങ്ങി നൽകി. വിദ്യാർഥികളുടെ പതിറ്റാണ്ടുകളായുള്ള ആഗ്രഹമാണ് ഇതോടെ യാഥാർഥ്യമായത്.


മണിപ്പൂർ വിഷയം - ഇടപെടലുകൾ


ചേർപ്പുങ്കൽ സമാന്തര പാലം - ഇടപെടലുകൾ




കുറവിലങ്ങാട് സയൻസ് സിറ്റി-അവലോകനം




ലക്ഷദ്വീപ് വിഷയം-പ്രതിഷേധ സമരം



റബർ വിഷയം - സമര പരിപാടികൾ




കർഷക പ്രക്ഷോഭത്തിന് പിന്തുണ




പുതിയ പാസ്പോർട്ട് സേവാ കേന്ദ്രം




ഏറ്റുമാനൂർ ഗവൺമെന്റ് മോഡൽ റെസിഡൻഷ്യൽ ഹൈസ്കൂളിന് സ്കൂൾ വാൻ നൽകൽ




മുല്ലപ്പെരിയാർ വിഷയം - പാർലമെന്റിന്റെ മുമ്പിലെ ധർണ്ണ



കടുത്തുരുത്തി കേന്ദ്രീയ വിദ്യാലയം - അവലോകന യോഗം

# 16. പാർലമെന്റിലെ പ്രവർത്തനങ്ങൾ

തോമസ് ചാഴികാടൻ 1991, 1996, 2001, 2006 എന്നീ വർഷങ്ങളിൽ ഏറ്റുമാനൂർ നിയമസഭാ മണ്ഡലത്തിൽ നിന്നും കേരളാ നിയമസഭയിലേക്ക് തിരഞ്ഞെടുക്കുകയും തുടർന്ന് 2019 ൽ കോട്ടയം മണ്ഡലത്തിൽ നിന്ന് ഇന്ത്യൻ പാർലമെന്റിലേക്ക് തിരഞ്ഞെടുക്കുകയുണ്ടായി. പാർലമെന്റിലെ ചർച്ചകളിലും നടപടി ക്രമങ്ങളിലും സജീവമായി പങ്കെടുക്കുകയും, മണ്ഡലവുമായി ബന്ധപ്പെട്ട വിഷയങ്ങൾക്ക് പുറമെ സംസ്ഥാനവുമായി ബന്ധപ്പെട്ട വിഷയങ്ങളും, രാജ്യത്തെ പൊതു വിഷയങ്ങളും കാര്യക്ഷമമായി അവതരിപ്പിക്കുകയും, കാലിക പ്രാധാന്യമുള്ള പല വിഷയങ്ങളിലും സ്വകാര്യ ബില്ലുകൾ പാർലമെൻറിൽ അവതരിപ്പിക്കുകയുമുണ്ടായി. അതോടൊപ്പം തന്നെ പാർലമെന്റിന്റെ സാമൂഹികനീതി വകുപ്പിന്റെ പാർലമെന്ററി സ്റ്റാൻഡിങ് കമ്മിറ്റിയംഗം, റെയിൽവേ മന്ത്രാലയത്തിനായുള്ള റെയിൽവേ മന്ത്രാലയത്തിനായുള്ള ഉപദേശക സമതി എന്നിവയിൽ അംഗമായി പ്രവർത്തിച്ചു.

### 16.1 സീറോ അവർ - 14 എണ്ണം

1. വിദേശ മലയാളികൾക്ക് OCI കാർഡ് പുതുക്കുന്നത് ഉണ്ടായിരുന്ന ബുദ്ധിമുട്ടുകൾ
2. HNL തൊഴിലാളികളുടെ പ്രശ്നങ്ങൾ
3. പോലീസ് സെക്ഷനിലെ അപാകത സംബന്ധിച്ച്
4. തൃപ്പൂണിത്തുറ ബൈപ്പാസ് വിഷയം
5. റബ്ബർ ഇറക്കുമതി ചുങ്കം വർധിപ്പിക്കുന്നത് സംബന്ധിച്ച്
6. കോവിഡ് മഹാമാരിയുടെ സമയത്ത് വിദേശത്തു കുടുങ്ങിയവരെ സംരക്ഷിക്കുന്നത് സംബന്ധിച്ച്
7. മലയോര മേഖലയിലെ വന്യജീവി ആക്രമണം സംബന്ധിച്ച്
8. രാത്രി കാലങ്ങളിൽ മുന്നറിയിപ്പ് കൂടാതെ മുല്ലപ്പെരിയാർ ഡാമിന്റെ ഷട്ടറുകൾ ഉയർത്തുന്നത് സംബന്ധിച്ച്
9. ദേശീയപാത 85 ൽ തൃപ്പൂണിത്തുറ ബൈപ്പാസ് നിർമ്മിക്കുന്നത് സംബന്ധിച്ച്
10. പാലരുവി എക്സ്പ്രസ്സിന് ഏറ്റുമാനൂർ സ്റ്റേഷനിൽ സ്റ്റോപ്പ് അനുവദിക്കുന്നത് സംബന്ധിച്ച്
11. വടവാതൂർ ESI ആശുപത്രിയുമായിലെത്തുന്ന രോഗികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച്
12. ആഭ്യന്തര വിമാന യാത്രക്കാരുടെ ദുരിതം സംബന്ധിച്ച്
13. മുളന്തുരുത്തി – ചിങ്ങവനം പാതയിലെ വിവിധ പാതയിലെ വിവിധ മേൽപ്പാലങ്ങൾ നിർമ്മിക്കുന്നത് സംബന്ധിച്ച്
14. കാലിത്തീറ്റ നിർമ്മാണത്തിന് ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കൾ കിസാൻ റെയിൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതസംബന്ധിച്ച്

### 16.2 റൂൾ 377 അനുസരിച്ചുള്ളസബ്മിഷൻ - 11 എണ്ണം

1. സ്വാഭാവിക റബ്ബർ കൃഷിക്കാർ നേരിടുന്ന പ്രതിസന്ധി സംബന്ധിച്ച്
2. ചൈനയിൽ പഠിക്കുന്ന മെഡിക്കൽ വിദ്യാർഥികൾ കോവിഡ് കാലത്തു നേരിട്ട പ്രശ്നങ്ങൾ
3. ഡൽഹിയിൽ പള്ളിയിൽ തകർത്തത് സംബന്ധിച്ച്
4. ദേശീയപാത 85ൽ തൃപ്പൂണിത്തുറ ബൈപ്പാസ് നിർമ്മിക്കുന്നത് സംബന്ധിച്ച്
5. രാജ്യത്തെ ക്രൈസ്തവ ന്യുനപക്ഷങ്ങളുടെ സാമൂഹ്യ സാമ്പത്തിക അവസ്ഥ പഠിക്കുന്നത് സംബന്ധിച്ച്
6. വനയോര മേഖലയിലെ വന്യജീവി ആക്രമണം സംബന്ധിച്ച്
7. സിറ്റി ഗ്യാസ് പദ്ധതി കോട്ടയം,ഇടുക്കി, പത്തനംതിട്ട, ജില്ലകളിലേക്ക്കൂടി വ്യാപിപ്പിക്കുന്നത് സംബന്ധിച്ച്
8. പാലരുവി എക്സ്പ്രസ്സിന് ഏറ്റുമാനൂർ സ്റ്റേഷനിൽ സ്റ്റോപ്പ് അനുവദിക്കുന്നത് സംബന്ധിച്ച്
9. ക്രൈസ്തവ സമൂഹങ്ങൾക്കെതിരെയുള്ള ആക്രമണങ്ങൾ പാർലമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നത് സംബന്ധിച്ച്



10. കോട്ടയത്ത് പാസ്സ്പോർട്ട് സേവാകേന്ദ്രം പുനരാരംഭിക്കുന്നത് സംബന്ധിച്ച്

11. സ്വാഭാവിക റബ്ബറിനെ കാർഷിക ഉൽപ്പന്നമായി പ്രഖ്യാപിക്കുന്നതിന്ച ണത്തെകാർത്തികവിളയായിപ്രഖ്യാപിച്ച് ആനുകൂല്യങ്ങൾ നൽകിയതുപോലെ.

**16.3 റൂൾ 193 അനുസരിച്ചുള്ള ചർച്ച- 9 എണ്ണം**

1. വിവിധ കാരണങ്ങളാലുണ്ടാകുന്ന കൃഷിനാശവും, അതുമൂലം കർഷകർക്കുണ്ടാകുന്ന നഷ്ടവും
2. ഡൽഹിയിലെ ക്രമസമാധാന പ്രശ്നങ്ങൾ സംബന്ധിച്ച്
3. കോവിഡ് 19 മൂലം രാജ്യം നേരിട്ട പ്രശ്നങ്ങൾ സംബന്ധിച്ച് - രാജ്യത്തെ സ്ഥിതി
4. കോവിഡ് 19ഉം അതുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളും
5. ലോകം നേരിടുന്ന കാലാവസ്ഥാവ്യതിയാനം
6. ഉക്രൈൻ യുദ്ധം മൂലമുണ്ടാകുന്ന സ്ഥിതിഗതികൾ
7. രാജ്യത്തെ വിലക്കയറ്റ പ്രശ്നം
8. മയക്കുമരുന്നിന്റെ ഉപയോഗം മൂലമുണ്ടായിരിക്കുന്ന പ്രശ്നങ്ങൾ
9. ചന്ദ്രയാൻ 3 - ദൗത്യത്തിന്റെവിജയവും, ശൂന്യാകാശ പര്യവേക്ഷണത്തിൽ രാജ്യത്തിൻറെ നേട്ടങ്ങളും

**16.4 സ്വകാര്യ അംഗങ്ങളുടെ ബില്ലുകൾ/ പ്രമേയങ്ങൾ - 7 എണ്ണം**

1. അംഗനവാടി ജീവനക്കാരുടെ ക്ഷേമവും, വേതനം വർധിപ്പിക്കേണ്ടതിന്റെ ആവശ്യകതയും
2. സസ്യജൈവ സംരക്ഷണവും കർഷകരുടെ അവകാശവും ഭേദഗതിബിൽ
3. ആദർശ്സ്റ്റേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി റെയിൽവേ സ്റ്റേഷനുകളുടെ നവീകരണവും സൗന്ദര്യവൽക്കരണവും / മോടിപിടിപ്പിക്കലും ബിൽ
4. വനം വന്യജീവി ഭേദഗതി ബിൽ
5. ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട വ്യക്തികളുടെ അവകാശങ്ങൾ സംബന്ധിച്ച നിയമത്തിന്റെ ഭേദഗതി ബിൽ
6. റബ്ബർ ആക്ടിന്റെ ഭേദഗതി ബിൽ
7. മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ്പദ്ധതി ഭേദഗതി ബിൽ

**16.5 ബഡ്ജറ്റ്, നന്ദി പ്രമേയ, ഡിമാൻഡ് ഫോർ ഗ്രാൻഡ് ചർച്ചകൾ**

1. പ്രസിഡന്റിന്റെ പ്രസംഗത്തിനുള്ള നന്ദി പ്രമേയ ചർച്ച - 5 എണ്ണം

- 2019, 2020, 2021, 2022, 2023
- 5 വർഷവുംച ർച്ചയിൽ പങ്കെടുത്തു

2. യൂണിയൻ ബഡ്ജറ്റിന്മേലുള്ള പൊതുചർച്ച

- 2019, 2020, 2021, 2022, 2023
- പൊതുചർച്ചയിൽ 5വർഷവുംപങ്കെടുത്തു.



3. യൂണിയൻ ബഡ്ജറ്റ് ഡിമാൻഡ് ഫോർ ഗ്രാൻഡ്

- രണ്ടുചർച്ചകളിൽ പങ്കെടുത്തു
- 2020-21 – No 83&98
- 2022-23 – No 85&86
- നാലു വകുപ്പ് 1.റെയിൽവേ, 2. റോഡ് ട്രാൻസ്പോർട്ട് & ഹൈവേസ്, 3. കോമേഴ്സ് & ഇൻഡസ്ടറി, 4. പോർട്ട്, ഷിപ്പിംഗ് & വാട്ടർ വെയ്സ്

4. സപ്ലിമെന്ററി ഡിമാൻഡ് ഫോർ ഗ്രാൻഡ്

2019-2020 - അധിക ഗ്രാൻറ്

2022-2023 - സപ്ലിമെന്ററി ഡിമാൻഡ് ഫോർ ഗ്രാൻഡ്

**16.6 ബില്ലുകളുടെ ചർച്ച**

1. ഭരണഘടന (നൂറ്റി ഇരുപത്തിയെട്ടാം ഭേദഗതി) ബിൽ, 2023
2. The Wild Life (Protection) Amendment Bill, 2021
3. The Constitution (Scheduled Castes and Scheduled Tribes) Orders (Second Amendment) Bill, 2022
4. The Chartered Accountants, the Cost and Works Accountants and the Company Secretaries (Amendment) Bill, 2021
5. The Narcotic Drugs and Psychotropic Substances (Amendment) Ordinance, 2021 and The Narcotic Drugs and Psychotropic Substances (Amendment) Bill, 2021.
6. The Central Vigilance Commission (Amendment) Bill, 2021 and the Ordinance
7. The Delhi Special Police Establishment (Amendment) Bill, 2021 and the Ordinance.
8. The High Court and Supreme Court Judges (Salaries and Conditions of Service) Amendment Bill, 2021.
9. The Constitution (One Hundred and Twenty-Seventh Amendment) Bill, 2021.
10. The Insolvency and Bankruptcy Code (Amendment) Ordinance, 2020 and The Insolvency and Bankruptcy Code (Second Amendment) Bill, 2020.
11. The Taxation and other Laws (Relaxation of Certain Provisions) Ordinance, 2020 and The Taxation and Other Laws (Relaxation and Amendment of Certain Provisions) Bill, 2020.
12. The Banking Regulation (Amendment) Ordinance, 2020 and The Banking Regulation (Amendment) Bill, 2020.
13. The Salary, Allowances and Pension of Members of Parliament (Amendment) Ordinance, 2020 and The Salary, Allowances and Pension of Members of Parliament (Amendment) Bill, 2020.
14. The Indian Institutes of Information Technology Laws (Amendment) Bill, 2020.
15. The Institute of Teaching and Research in Ayurveda Bill, 2020.
16. The Citizenship (Amendment) Bill, 2019.
17. The Taxation Laws (Amendment) Ordinance, 2019 and The Taxation Laws (Amendment) Bill, 2019.

## 16.7 പാർലമെന്റിലെ ചോദ്യങ്ങൾ (As on 11.8.2023)

| ക്രമ നമ്പർ | വകുപ്പ് | ചോദ്യങ്ങൾ |
|---|---|---|
| 1 | ആരോഗ്യ കുടുംബക്ഷേമം (Health and Family Welfare) | 16 |
| 2 | സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ (Micro, Small and Medium Enterprises) | 2 |
| 3 | സ്ഥിതിവിവരക്കണക്കുകളും പ്രോഗ്രാം നടപ്പാക്കലും (Micro, Small and Medium Enterprises) | 2 |
| 4 | റെയിൽവേ (Railways) | 19 |
| 5 | കൃഷിയും കർഷക ക്ഷേമവും (Agriculture and Farmers Welfare) | 12 |
| 6 | നിയമവും നീതിയും (Law and Justice) | 5 |
| 7 | റോഡ് ഗതാഗതവും ഹൈവേകളും (Road Transport and Highways) | 7 |
| 8 | വിദ്യാഭ്യാസം (Education) | 7 |
| 9 | ജല ശക്തി (Jal Shakti) | 7 |
| 10 | യുവജനകാര്യം സ്പോർട്സ് (Youth Affairs and Sports) | 4 |
| 11 | ടൂറിസം (Tourism) | 7 |
| 12 | പരിസ്ഥിതി, വനം, കാലാവസ്ഥാവ്യതിയാനം (Environment, Forest and Climate Change) | 10 |
| 13 | ആദിവാസി കാര്യങ്ങൾ (Tribal Affairs) | 2 |
| 14 | പ്രതിരോധം (Defence) | 1 |
| 15 | സംസ്കാരം (Culture) | 4 |
| 16 | ധനകാര്യം (Finance) | 16 |
| 17 | സ്ത്രീകളുടെയും കുട്ടികളുടെയും വികസനം (Women and Child Development) | 7 |
| 18 | ശാസ്ത്ര സാങ്കേതികം (Science and Technology) | 1 |
| 19 | പവർ (Power) | 6 |
| 20 | ആഭ്യന്തര കാര്യങ്ങൾ (Home Affairs) | 4 |
| 21 | തുറമുഖങ്ങൾ, ഷിപ്പിംഗ്, ജലപാതകൾ (Ports, Shipping and Waterways) | 4 |
| 22 | ഭവന, നഗരകാര്യങ്ങൾ (Housing and Urban Affairs) | 3 |
| 23 | ഗ്രാമവികസനം (Rural Development) | 5 |
| 24 | ആയുഷ് (Ayush) | 3 |
| 25 | സിവിൽ ഏവിയേഷൻ (Civil Aviation) | 4 |
| 26 | പുതിയതും പുനരുപയോഗിക്കാവുന്നതുമായ ഊർജ്ജം (New and Renewable Energy) | 1 |
| 27 | നൈപുണ്യ വികസനവും സംരംഭകത്വവും (Skill Development and Entrepreneurship) | 3 |
| 28 | ഭക്ഷ്യ സംസ്കരണ വ്യവസായം (Food Processing Industries) | 3 |
| 29 | കമ്മ്യൂണിക്കേഷൻ (Communications) | 3 |
| 30 | മത്സ്യബന്ധനം, മൃഗസംരക്ഷണം, ക്ഷീരോൽപ്പാദനം (Fisheries, Animal Husbandry and Dairying) | 6 |
| 31 | ടെക്സ്റ്റൈൽസ് (Textiles) | 1 |
| 32 | പഞ്ചായത്തിരാജ് (Panchayati Raj) | 1 |
| 33 | വിദേശകാര്യം (External Affairs) | 3 |
| 34 | വാണിജ്യവും വ്യവസായവും (Commerce and Industry) | 10 |
| 35 | സാമൂഹിക നീതിയുംശാക്തീകരണവും (Social Justice and Empowerment) | 2 |
| 36 | തൊഴിൽ (Labour and Employment) | 5 |
| 37 | പെട്രോളിയം പ്രകൃതിവാതകം (Petroleum and Natural Gas) | 1 |
| 38 | ന്യൂനപക്ഷകാര്യം (Minority Affairs) | 2 |
| 39 | ഇൻഫോർമേഷൻ&ബ്രോഡ്കാസ്റ്റിംഗ് (Information and Broadcasting) | 1 |
| 40 | ഘന വ്യവസായങ്ങളും പൊതുസംരംഭങ്ങളും (Heavy Industries and Public Enterprises) | 1 |
| 41 | ഉരുക്ക് (Steel) | 1 |
| 42 | മാനവ വിഭവശേഷി വികസനം (Human Resource Development) | 2 |
| 42 | കെമിക്കൽസ്&ഫെർട്ടിലൈസേഴ്സ് (Chemicals and fertilizers) | 1 |
| 43 | ഷിപ്പിംഗ് (Shipping) | 1 |
| | | **206** |



**Thomas Chazhikadan**
Member of Parliament
Kottayam Lok Sabha Constituency

Chazhikattu, SH Mount, Kumaranalloor,
Kottayam, Kerala, 686016
+91 94471 60678
thomaschazhikadan@gmail.com

ThomasChazhikadanMPOfficial
thomas_chazhikadan_

www.thomaschazhikadan.org

Printed & Published by LDF Kottayam Parliament
Niyojakamandalam Committee.